


# ഇൻഡ്യ തിളങ്ങുന്നതാർക്കുവേണ്ടി ?

## വരുന്ന തിരഞ്ഞെടുപ്പിൽ സഭ ആരുടെ പക്ഷം ചേരും ?

(പേജ് 3)

# NEW VISION FOR A CHANGING WORLD

VOL. 4 ■ ISSUE 7 ■ MARCH 2004



### ഈ ലക്കത്തിൽ

ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം
ഡോ. തോമസ് മാർ അത്താനാസ്യോസ്
റവ. ഡോ. വത്സൻ തമ്പു
ഡോ. ബി. ഇക്ബാൽ
ഫാദർജി
തുടങ്ങിയവർ എഴുതുന്നു...

## NEW VISION FOR A CHANGING WORLD


### EDITORIAL BOARD

**Dr. Mathew Koshy Punnackad**
Chief Editor, New Vision,
Punnackad, Kozhencherry - 689 652
Phone/Fax: 0468-2214068
e-mail : mkoshy@satyam.net.in.

**The Rev.Prof. K.C. Mathew**
Manager & Publisher, New Vision,
Manganam,Kottayam-686 018
Phone: 95481-2351841, Fax: 95481-2574987
e-mail: ktm_mandiram@sancharnet.in.

**The Rev. A.C. Oommen, Oddanchatram**
Phone: 04553 - 40803

**The Rev. Dr. A.T.Abraham, Muvattupuzha**
Phone: 0485-835120

**The Rev. Dr. K.V. Mathew, Kottayam**
Phone: 95481-2573795

**The Rev. Dn. Mathew P. Idicula, Chicago**
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

**Mr. M. Kurian, Manganam**
Phone: 95481-2578599

**Prof. George Jacob, Kottayam - 4**
Phone: 95481 - 2573476

**Prof. Zachariah Mathew, Kottayam**
Phone: 95481 - 2566135

### ADVISORY BOARD

Rt. Rev. T.B.Benjamin,Kottayam ▪ Rt.Rev. K.Michael John, Melukavu▪ Rt.Rev. Dr.Isaac Mar Philoxenos,Kottayam ▪ Rt.Rev.Geevarughese Mar Osthathiose, Parumala ▪ Rt.Rev. Dr. Thomas Mar Athanasius, Muvattupuzha ▪ Rev. Dr. E.C. John,Bangalore ▪ Fr.Dr.K.M. George, Kottayam ▪ Fr. A.P. George,Perumbavoor ▪ Rev. Prof. Mathew Daniel, Kozhencherry ▪ Rev. Shajan Idicula, Thiruvananthapuram ▪ Prof. Philip N.Thomas, Tiruvalla ▪ Prof. Mammen Varkey, Mavelikara ▪ Mr. C. John Mathai, Kottayam ▪ Mr. M.M. Yobel, Kottayam ▪ Adv. K.I. Ninan, Aymanam ▪ Ms. Accamma Paul, Mavelikara ▪ Mr. J.T. Wattachanackal, Chicago ▪ Mr. C.J. Rajan, Chennai

***Contact person in Tamilnadu***
Mr. C.J. Rajan
25 Razak Gardens,8-Cross Street,
Arumbakkam, Chennai-106

***Contact person in Canada***
Major (Retd.) Jacob K. Philipose
98 Arbour Wood Cres. N.W.
Calgary, Alberta, Canada T3G 4C3
Phone: (403) 239 - 8489, e-mail: jacob_p@shaw.ca

***Contact person in USA***
The Rev. Dn. Mathew P. Idicula
8548 Wedge Wood Dr.
Burr Ridge, IL 60521, USA
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

***Co-ordinators in USA***
Mr. Kuryan Thampy Jacob, Texas
Mr. Koshy George.,NewYork
Dr. George Joseph,Chicago
Dr. Thomas Koshy, Boston
Mr. Varghese K. David, New Jersey


## വായനക്കാരുടെ ശ്രദ്ധയ്ക്ക്

മാസികയുടെ ഓരോ ലക്കവും തലേമാസം കൃത്യം 28ന് കോട്ടയം ആർ.എം.എസ്. വഴി തപാലിൽ നിങ്ങൾക്കയച്ചു വരുന്നു. നിങ്ങളുടെ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ മാനേജരെ വിവരമറിയിക്കുമല്ലോ.

### വരിസംഖ്യ

| | | | |
|---|---|---|---|
| ഒരു വർഷത്തേക്ക് | : 75/- രൂപ | (വിദേശത്തുള്ളവർക്ക് | US $15) |
| രണ്ടു വർഷത്തേക്ക് | : 140/- രൂപ | ( " | US $25) |
| മൂന്നു വർഷത്തേക്ക് | : 200/- രൂപ | ( " | US $40) |

സഭാ ശുശ്രൂഷകർക്ക് ഈ നിരക്കുകൾ യഥാക്രമം 60 രൂപ, 110 രൂപ, 150 രൂപ

| | | | |
|---|---|---|---|
| ലൈഫ് മെമ്പർഷിപ്പ് | : 1000/- രൂപ | ( " | US$200) |
| പേട്രൺ മെമ്പർഷിപ്പ് | : 10,000/- രൂപ | ( " | US $1000) |

### പണവും എഴുത്തുകളും അയയ്ക്കേണ്ട വിലാസം

**മാനേജർ, ന്യൂ വിഷൻ**
**മാങ്ങാനം, കോട്ടയം - 686 018**
Phone: 95481 - 2351841, Fax: 95481 - 2574987
e-mail: ktm_mandiram@sancharnet.in
***(ചെക്കുകൾ മുഖേന പണമയയ്ക്കുന്നവർ ബാങ്കു കമ്മിഷൻ കൂടെ ചേർക്കണം)***

**കോട്ടയത്തെ സി.എസ്.ഐ. ഡയോസിസൻ ബുക്കു ഡിപ്പോയിലും വരിസംഖ്യയൊടുക്കാവുന്നതാണ്.**

### പ്രസിധീകരണത്തിനുള്ള ലേഖനങ്ങൾ, പ്രതികരണങ്ങൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം

**ചീഫ് എഡിറ്റർ, ന്യൂ വിഷൻ**
**പുന്നയ്ക്കാട്, കോഴഞ്ചേരി - 689 652**
Phone/Fax: 0468 - 2214068
e-mail: mkoshy@satyam.net.in

### പരസ്യനിരക്കുകൾ

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back Cover (outside) | Rs. 3000 | Rs. 2000 | Rs. 1200 |
| Back Cover (inside) | Rs. 2500 | Rs. 1500 | Rs. 1000 |
| Inner Pages | Rs. 2000 | Rs. 1000 | Rs. 800 |


**'NEW VISION FOR A CHANGING WORLD'** is an ecumenical magazine owned by Nava Darshan Trust, a public charitable Trust registered in 1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since Feb. 2001. It serves as a forum for exchange of views and a source of inspiration for enlightened action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome.

*Page Layout:* Learners' Kottayam, Tel: 95481 - 2567438

## CONTENTS


- **Tour & Travel** — 4
  ദമാസ്കസിലൂടെ...
  *പ്രൊഫ. ഏബ്രഹാം പുന്നൂസ്*
- **Mother Teresa** — 5
  സേവനത്തിനും വിശുദ്ധിക്കും ...
  *ഡോ. തോമസ് മാർ അത്താനാസ്യോസ്*
- **Portrayal** — 7
  ജോണച്ചന്റെ വേദവിപരീതിനിയായ...
  *ഫാദർജി*
- **Science** — 8
  പോകാം, ചന്ദ്രനിലേക്ക്
  *ഡോ. ജോർജ് എം. തോമസ്*
- **Glimpses** — 9
  കഥയില്ലാത്ത അൽപ്പം ചില്ലറക്കാര്യങ്ങൾ
  *ഡോ. കെ.വി. വർഗീസ്*
- **Spirituality & Politics** — 11
  Spirituality of good governance
  *Rev. Dr. Valson Thampu*
- **Medical Ethics** — 12
  വൈദ്യശാസ്ത്രത്തിന്റെ ധാർമിക നീതി
  *ഡോ. ബി. ഇക്ബാൽ*
- **Literary Review** — 13
  പാർശ്വചിന്തകൾ
  *ഡോ. സി.ജെ. റോയ്*
- **Psychology** — 15
  കരുണയുടെ മഹത്വം
  *ജോർജ് ബഹനാൻ ടി.*
- **Social Ethics** — 16
  സ്ത്രീധനമെന്ന തിന്മ
  *ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം*
- **Ecology** — 17
  In the midst of Flora & Fauna
  *Rev. Dr. M.J. Joseph*
- **Religion** — 19
  മാനവീയത മറന്ന മതങ്ങൾ
  *ഗുരു നിത്യചൈതന്യ യതി*
- **Conversions** — 21
  A missionary's View
  *C.F. Andrews*
- **Sacred Song** — 22
  Manifestation
- **Responses** — 23


## EDITORIAL

# ഇൻഡ്യ തിളങ്ങുന്നതാർക്കുവേണ്ടി ?

**ഇൻഡ്യ തിളങ്ങുന്നു; കഴിഞ്ഞ അമ്പതു വർഷങ്ങൾ കൊണ്ട് ചെയ്യുവാൻ കഴിയാതിരുന്നത് അഞ്ചു വർഷംകൊണ്ട് ബി.ജെപി.** സർക്കാരിനു ചെയ്യുവാൻ സാധിച്ചുവെന്ന് പരസ്യപ്രചാരണം. വികസന മുദ്രാവാക്യവുമായി ജനങ്ങളോടു വോട്ടു ചോദിക്കുന്നു. വികസനത്തിന്റെ ചില മാതൃകകളും മുന്നോട്ടു വയ്ക്കുന്നുണ്ട്. ഉദാഹരണമായി ഭാരതത്തിന്റെ ഉത്തര, ദക്ഷിണ, പൂർവ, പശ്ചിമ മേഖലകളെ അന്താരാഷ്ട്ര നിലവാരമുള്ള നാലുവരി പാതയാൽ ബന്ധിപ്പിക്കുന്നു. നിരവധി പ്രോജക്ടുകളിൽ ഒന്നു മാത്രമാണിത്.

വികസനത്തിന്റെ ഗുണഫലങ്ങൾ എല്ലാവർക്കും ലഭിക്കണം. അതിനു പ്രാഥമിക തലത്തിൽ കാര്യങ്ങൾ മെച്ചപ്പെടണം. ഭക്ഷണവും തൊഴിലും ലഭ്യമാകണം. ഡൽഹി ജവഹർലാൽ നെഹ്രു യൂണിവേഴ്സിറ്റി സെന്റർ ഫോർ ഇക്കണോമിക് സ്റ്റഡീസ് ആൻഡ് പ്ലാനിംഗിലെ ഡോ. ഉത്സവ് പട്നായിക്ക് ഇയ്യിടെ നടത്തിയ പഠനം ഞെട്ടിക്കുന്ന ചില വസ്തുതകളിലേക്ക് വെളിച്ചം വീശുന്നു. 2001-ൽ പ്രതിശീർഷ വാർഷിക ഭക്ഷ്യലഭ്യത 151 കിലോഗ്രാമായിരുന്നു, 1930-നെക്കാൾ വളരെ താഴെയുള്ള നിരക്ക്. ഇന്ന് ഭക്ഷ്യോൽപ്പാദനം വളരെ കൂടുതലാണെന്നുവരികിലും വിശക്കുന്ന അവസ്ഥയിൽ നമ്മെ കൊണ്ടെത്തിച്ചിരിക്കയാണ്. ഇതിനു കാരണം പുത്തൻ ലിബറൽ നയങ്ങളാണ്. കനത്ത സബ്സിഡി നൽകി ഭക്ഷ്യധാന്യങ്ങൾ കയറ്റുമതി ചെയ്യുകയാണ്. രാജ്യത്തെ ദരിദ്രർക്ക് ഭക്ഷ്യധാന്യങ്ങൾ സബ്സിഡി നൽകുവാൻ തയാറാകാത്ത ഗവൺമെന്റ്, വിദേശികളായ വ്യാപാരികൾക്ക് വൻ സബ്സിഡി നൽകുവാൻ തയാറാകുന്നു. ഇവിടെത്തെ ദരിദ്രർക്ക് സബ്സിഡി ലഭിച്ചിരുന്നെങ്കിൽ അവരുടെ ക്രയശക്തി വർധിച്ചേനെ. വിശപ്പും പട്ടിണിമരണങ്ങളും വ്യാപകമായിരിക്കയാണ്. ***ഇന്ത്യയ്ക്കു തിളങ്ങുവാൻ കഴിയുമോ?***

1998-നുശേഷം സംഘടിത മേഖലയിൽ തൊഴിലുകൾ കുറയുകയാണ്. തൊഴിൽരഹിതരുടെ വൻ വ്യൂഹം ഇന്ത്യയെ തിളങ്ങുവാൻ അനുവദിക്കുമോ? പുതിയ വികസനമാതൃക ധനികരെ കൂടുതൽ ധനികരാക്കിയെന്നതാണു സത്യം. ദരിദ്രർ അനാഥരായിത്തുടരുന്നു. കാർഷികമേഖലയിലെ തകർച്ച നിമിത്തം ആന്ധ്രയിലെ മൂന്നു ജില്ലകളിൽ 2580 പേരാണ് ആത്മഹത്യ ചെയ്തത്. സബ്സിഡൈസ് ചെയ്ത കാർഷികോൽപ്പന്നങ്ങൾ വിദേശത്തു നിന്ന് സൗജന്യമായി ഇറക്കുമതി ചെയ്യുന്നു. കമ്പോളശക്തികളുടെ കനിവിന് ഇന്ത്യൻ കർഷകൻ എറിഞ്ഞുകൊടുക്കപ്പെടുന്നു. ***ഇന്ത്യ തിളങ്ങുകയാണോ?***

വിദ്യാഭ്യാസ മേഖലയിൽ നിന്ന് സർക്കാർ പിൻവാങ്ങുകയാണ്. ചില ഉയർന്ന ഉദ്യോഗങ്ങളൊഴിച്ചാൽ ശമ്പളവും മറ്റാനുകൂല്യങ്ങളും കുറയുകയാണ്. ഓട്ടോമൊബൈൽ, വാർത്താവിനിമയ മേഖലകളിൽ വളർച്ചയുണ്ട്. പക്ഷേ, ഉപരിവർഗത്തിനു മാത്രമേ ഇതു കൊണ്ടു ജീവിതം മെച്ചപ്പെടുകയുള്ളൂ. ഭാരതത്തിൽ നെടുകെയും കുറുകെയും നിർമിക്കുന്ന റോഡുകൾ ആർക്കാണു ഗുണം ചെയ്യുക. പാരിസ്ഥിതിക പ്രശ്നങ്ങളും അപകടങ്ങളും കുറഞ്ഞ റയിൽവേ വികസിപ്പിക്കേണ്ടതിനു പകരം റോഡു വികസനത്തിലാണ് സർക്കാരിന് താൽപ്പര്യം.

ക്രൈസ്തവസഭകൾ ഇവിടെ പക്ഷം ചേരണം-വികസന മാതൃക തെറ്റാണെന്നു പറയുവാൻ. ബി.ജെ.പി. സർക്കാരിനെതിരെ ആഞ്ഞടിക്കുന്നത് എല്ലാ ക്രൈസ്തവ സഭകളും ഇഷ്ടപ്പെട്ടേക്കാം. ക്രൈസ്തവ മതപ്രചാരണം നടത്താൻ അർഹമായ സ്വാതന്ത്ര്യം ലഭിക്കാത്തതിലുള്ള പ്രതിഷേധത്തിന്റെ ഭാഗമാണത്. ഗുരുതരമായ പ്രശ്നം അതല്ല. നീതി, മനുഷ്യത്വം, ആർദ്രത എന്നിവയെക്കുറിച്ചു പ്രസംഗിക്കുന്ന സഭ ഒരു നിലപാടെടുക്കേണ്ടത് ഈ മൂല്യങ്ങളിൽ നിന്നായിരിക്കണം. ഏതു സർക്കാരിനെതിരെയും പ്രതികരിക്കേണ്ടത് ക്രൈസ്തവമൂല്യങ്ങളെ അടിസ്ഥാനമാക്കിയായിരിക്കണം. **ഈ തിരഞ്ഞെടുപ്പിൽ സഭ ആരുടെ പക്ഷം ചേരും? പാവപ്പെട്ട ഹിന്ദുവിന്റെയും മുസൽമാന്റെയും ക്രൈസ്തവന്റെയും സിക്കുകാരന്റെയും പക്ഷം പിടിച്ച്, പുതിയൊരു വികസന മാതൃക ലക്ഷ്യമാക്കി വേണം സഭ പോരാടാൻ.**

*ചീഫ് എഡിറ്റർ*



# ദമാസ്കസിലൂടെ...

## ഒരു യാത്രാവിവരണം

പ്രൊഫ. ഏബ്രഹാം പുന്നൂസ്

**2004** ജനുവരി 15 : മലങ്കര സുറിയാനി ക്നാനായ സമുദായത്തിന്റെ ചരിത്രത്തിലെ ഒരു സുദിനം. നീണ്ട 53 വർഷങ്ങൾക്കുശേഷം ഒരു മെത്രാഭിഷേകച്ചടങ്ങ് വീക്ഷിക്കുവാൻ സമുദായാംഗങ്ങൾക്കു ലഭിച്ച ഒരസുലഭ സന്ദർഭം. കുര്യാക്കോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തയുടെ സ്ഥാനാഭിഷേകച്ചടങ്ങിൽ പങ്കെടുക്കാനായി 72 പേരുടെ ഒരു സംഘം ജനുവരി 14-ന് നെടുമ്പാശ്ശേരിയിൽ നിന്ന് ദോഹ വഴി ദമാസ്കസിലേക്കു പുറപ്പെട്ടു. പ്രാദേശികസമയം 5 മണിക്ക് ഞങ്ങൾ ദമാസ്കസ് ഇന്റർനാഷനൽ എയർപോർട്ടിൽ എത്തിച്ചേർന്നു. വിമാനത്താവളത്തിലെ പരിശോധനകൾക്കുശേഷം പഴയ അരാം രാജാക്കന്മാരുടെ അതിപുരാതന പട്ടണത്തിൽ ഞങ്ങളിറങ്ങുമ്പോൾ പുറത്തെ ഊഷ്മാവ് 15 ഡിഗ്രി ആയിരുന്നു. എല്ലാവരും കമ്പിളി വസ്ത്രങ്ങൾ കരുതിയിരുന്നതുകൊണ്ട് വലിയ പ്രയാസമൊന്നുമുണ്ടായില്ല. തുടർന്ന്, രണ്ടു ബസ്സുകളിലായി യാത്ര ചെയ്ത് സെദ്നായ പട്ടണത്തിലെ ഷെറാട്ടൺ ഹോട്ടലിൽ എത്തിച്ചേർന്നു. അന്നു രാത്രി തന്നെ ഞങ്ങളുടെ സംഘത്തിന് പരിശുദ്ധ പാത്രിയർക്കീസ് ബാവയുമായി കൂടിക്കാഴ്ചയ്ക്ക് അനുവാദം ലഭിച്ചതിനാൽ അവിടെ നിന്ന് അര കി.മീ. മാത്രം ദൂരമുള്ള മാർ അപ്രേം സെമിനാരിയിലെത്തി.

പാത്രിയർക്കീസ് ബാവയും അനേകം റമ്പാന്മാരും സന്യാസികളും താമസിക്കുന്ന ഈ പടുകൂറ്റൻ കെട്ടിട സമുച്ചയം ദമാസ്കസ് നഗരത്തിൽ നിന്ന് 20 കി.മീ. മാറി ഒലിവുതോട്ടങ്ങളുടെയും മുന്തിരിത്തോട്ടങ്ങളുടെയും മദ്ധ്യേ ഏകദേശം 40 ഏക്കർ സ്ഥലത്തായി വ്യാപിച്ചുകിടക്കുന്നു. രാത്രി വളരെ വൈകുന്നതുവരെയും പ. ബാവ സന്തോഷവാനായി ഞങ്ങളോടൊപ്പം സമയം ചിലവഴിക്കുകയും സംഘാംഗങ്ങൾക്ക് തന്നോടൊപ്പം ഫോട്ടോയെടുക്കുന്നതിന് അനുവദിക്കുകയും ചെയ്തു. 15-ന് രാവിലെ പ: ബാവയുടെ പ്രധാന കാർമികത്വത്തിലും എട്ടു മെത്രാപ്പോലീത്മാരുടെ സഹകരണത്തിലും സെമിനാരിയോടു ചേർന്നുള്ള പള്ളിയിൽ കുർബാന യാരംഭിച്ചു. കുർബാനമദ്ധ്യേ കുര്യാക്കോസു ഇടവഴിക്കൽ റമ്പാനെ മാർ സേവേറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്തു. തുടർന്ന്, അഭിനവ മെത്രാപ്പോലീത്ത വി. ബലി പൂർത്തീകരിച്ചു. തുടർന്ന്, ചടങ്ങിൽ സംബന്ധിച്ച എല്ലാവർക്കും പ. ബാവ വിഭവസമൃദ്ധമായ ഉച്ചഭക്ഷണം നൽകി. കേരളത്തിൽ നിന്നുള്ള സംഘാംഗങ്ങൾക്കു പുറമേ, അമേരിക്ക, ഓസ്ട്രേലിയ, ഗൾഫ് രാജ്യങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നായി നൂറോളം ആളുകൾ ചടങ്ങുകൾ വീക്ഷിക്കുവാനെത്തിയിരുന്നു.

തുടർന്നുള്ള രണ്ടു ദിവസങ്ങളിൽ ഞങ്ങൾ സിറിയയിലെ ചരിത്രപ്രസിദ്ധമായ സ്ഥലങ്ങൾ കാണുവാൻ പുറപ്പെട്ടു. ആദ്യമായി സേദ്നയിൽ ദൈവമാതാവിന്റെ നാമത്തിലുള്ള ദേവാലയം കണ്ടു. വി. ലൂക്കോസിനാൽ രചിക്കപ്പെട്ട ചിത്രമാണ് ഈ ദേവാലയത്തിലെ സവിശേഷ ആകർഷണം. ദൈവമാതാവിന്റെ വിവിധ തരത്തിലുള്ള ഐക്കോണുകൾ ഈ ദേവാലയത്തിൽ നിന്നാണ് മറ്റു സ്ഥലങ്ങളിലേക്കു പ്രചരിപ്പിച്ചിട്ടുള്ളത്. തുടർന്ന്, പഴയ ദമാസ്കസ് പട്ടണം ഞങ്ങൾ സന്ദർശിച്ചു. പഴയനിയമകാലത്ത് അരാം രാജാക്കന്മാരുടെ നയമാനും അനേകം പടയോട്ടങ്ങൾ നടത്തിയിട്ടുള്ള ദമശേഖ് എന്ന ഈ പട്ടണം അതിമനോഹരമാണ്. ഈ പട്ടണത്തിനു ചുറ്റും ഒരു കോട്ടയുണ്ട്. ഈ കോട്ടയ്ക്ക് ഏഴു വാതിലുകളുണ്ട്. അതിൽ ബാത്തോമ എന്ന വാതിൽ വഴിയാണ് ഞങ്ങൾ അകത്തു കടന്നത്. നേരേ ചെന്നു കഴിഞ്ഞാൽ പുതിയ നിയമത്തിൽ വിവരിക്കുന്ന അനന്യാസിന്റെ വീട്ടിൽ ചെല്ലാം. ആ ഭവനം ഇന്ന് ഒരു ചെറിയ ദേവാലയമാണ്. പൗലോസ് അപ്പോസ്തലൻ ശൗൽ ആയിരുന്നപ്പോൾ ക്രിസ്ത്യാനികളെ പീഡിപ്പിക്കാനായി ജറുശലേമിൽ നിന്ന് ലൈസൻസുമായി ദമാസ്കസിലെത്തുകയും കോട്ടയുടെ പടിവാതിൽക്കൽ വച്ച് അദ്ദേഹം കാഴ്ച നഷ്ടപ്പെട്ടവനായി നിലത്തു വീഴുകയും പിന്നീട് ദൈവനിയോഗപ്രകാരം അനന്യാസിന്റെ ഭവനത്തിലെത്തുകയും അനന്യാസ് ശൗലിനു കാഴ്ചനൽകുകയും, തുടർന്ന് ശൗൽ സ്നാനപ്പെട്ട് പൗലോസ് എന്ന പേരു സ്വീകരിച്ച് ക്രിസ്ത്യാനിയാകയും ചെയ്തു. പിന്നീട് പൗലോസ് അപ്പോസ്തലന്റെ ശക്തമായ ക്രിസ്തുമതപ്രചാരണം യഹൂദന്മാർക്ക് വലിയ ബുദ്ധിമുട്ടായി. പൗലോസിനെ കൊല്ലുന്നതിനായി അവർ രാത്രിയിൽ ദമാസ്കസ് പട്ടണം വളഞ്ഞു. ഇതു മനസ്സിലാക്കിയ പൗലോസിന്റെ ശിഷ്യന്മാർ രാത്രിയിൽ പൗലോസിനെ തൊട്ടിയിലിരുത്തി കോട്ടയുടെ മുകളിലൂടെ പുറത്തിറക്കി അദ്ദേഹത്തെ രക്ഷപ്പെടുത്തി. ഈ സ്ഥലത്തിന് സെന്റ് പോൾ ഗേറ്റ് എന്നാണ് പേരിട്ടിരിക്കുന്നത്. ഇവിടെ ഇപ്പോൾ ഒരു ദേവാലയവും അതിനോടു ചേർന്ന് ഒരു അനാഥാലയവും പ്രവർത്തിച്ചുവരുന്നു. **വേദപുസ്തകത്തിൽ പറയുന്ന നേർവീഥി എന്ന തെരുവ് ഇതിനു വളരെ അടുത്താണ്. ഈ തെരുവിന്റെ വലതുവശത്താണ് അനന്യാസിന്റെ ഭവനം.** അവിടെ നിന്ന് 10 മിനിറ്റു യാത്ര ചെയ്താൽ പഴയ പാത്രിയർക്കീസ് അരമനയിലെത്താം. ഈ അരമനയോടു ചേർന്നുള്ള സെന്റ് ജോർജ് പള്ളിയിലാണ് ഇപ്പോഴത്തെ ബാവയുടെ മുൻഗാമി പ: യാക്കൂബ് തൃതീയന്റെ കബറിടം. ഈ അരമനയിലാണ് ഇപ്പോഴത്തെ ബാവയുടെ ഒന്നാം സെക്രട്ടറി താമസിക്കുന്നത്.

ഉച്ചഭക്ഷണത്തിനുശേഷം ദമാസ്കസ് സിറ്റിയ്ക്കകത്തുള്ള സ്നാപകയോഹന്നാന്റെ കബറിങ്കലേക്ക് ഞങ്ങൾ പോയി.

*(ശേഷം പേജ് 6)*


# സേവനത്തിനും വിശുദ്ധിക്കും ബദൽ മാതൃക



ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത

ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുഴുവൻ നിറഞ്ഞുനിന്ന വ്യക്തിത്വമാണ് മദർ തെരേസയുടേത്. യുദ്ധവും നരഹത്യയും വർഗ്ഗീയ ലഹളയും അഴിഞ്ഞാടിയ നൂറ്റാണ്ടിൽ മനുഷ്യത്വത്തിന്റെ ഉറവ വറ്റിയിട്ടില്ലെന്നു വെളിപ്പെടുത്തിയ ചുരുക്കം ചില വ്യക്തികളിലൊരാളാണ് അവർ. വിശുദ്ധരായി പ്രഖ്യാപിക്കപ്പെടുന്നവരുടെ ജീവിതവും വിശുദ്ധീകരണത്തിന്റെ അളവുകോലും തർക്കവിഷയമാകുമ്പോൾ, ജീവിച്ചിരിക്കേ വിശുദ്ധയെന്ന് സാർവത്രികാംഗീകാരം നേടിയ മദർ തെരേസയെ സംബന്ധിച്ച് ഔപചാരിക പ്രഖ്യാപനത്തിന്റെ കാര്യമേയുള്ളൂ. പരിമിതികളുടെ അതിർ വരമ്പുകൾ മുറിച്ചുകടന്നാണ് അവർ വിശ്വരൂപിണിയായത്. ഒരു സ്ത്രീയുടെ പൊതുജനസേവന സാദ്ധ്യതയുടെ പരിമിതികൾ ആർക്കും അറിയാവുന്ന കാര്യമാണ്. ഒരു സന്യാസിനിയെന്ന നിലയിൽ അച്ചടക്കത്തിന്റെ പരിധികളിൽ നിന്നുകൊണ്ട് തന്റെ സേവന സ്വപ്നം സാക്ഷാത്കരിക്കുകയും വേണം. ഈ നാട്ടിലാകട്ടെ അവർ ഒരു വിദേശിയും. പോരേ, അവരുടെ സേവന വ്യാപനം തടയാനാവശ്യമായ ഘടകങ്ങൾ? ഇന്ന് അവർ സേവനത്തിനൊപ്പം വിശുദ്ധിയുടെയും പര്യായമായി. മദറിന്റെ വേഷമായ നീലക്കരയുള്ള വെളുത്ത സാരി വിശുദ്ധിയുടെ സാന്നിദ്ധ്യവും അടയാളവുമായി. സേവനം ഇന്ന് പുനർനിർവചിക്കുന്ന കാലമാണ്. വയബിലിറ്റി സേവനശുശ്രൂഷയുടെ പ്രധാന മാനദണ്ഡമായി തീർന്നിരിക്കുന്നു. അതുകൊണ്ട് സേവനത്തിന്റെ ലക്ഷ്യമായി കാണുന്നത് ഉപരി-മദ്ധ്യവർഗ്ഗത്തെയാണ്. അവരുടെ ആവശ്യങ്ങൾ പരിഗണിച്ച് സേവനം നടത്തിയാലേ കാര്യം നേട്ടത്തിലാകൂ. **അതുകൊണ്ട് സേവനവും പുതിയ കാലഘട്ടത്തിന്റെ സവിശേഷതകൾകൊണ്ട് കച്ചവടച്ചരക്കായി മാറുന്നു. ഇത് മത്സരത്തിന്റെ കാലമാണ്. മത്സരത്തിലൂടെ സ്വന്തം നില ഉറപ്പിക്കാൻ കഴിയാത്തവർക്ക് ജീവിക്കാൻ അവകാശം നഷ്ടപ്പെട്ട സ്ഥിതിയാണ്. ഇത്തരത്തിലുള്ള ദരിദ്രരിൽ ദരിദ്രരെയാണ് മദർ ശുശ്രൂഷിച്ചത്.** നിരത്തു വക്കുകളിൽ കിടക്കുന്ന മരണാസന്നർ, സമൂഹം പരിത്യജിച്ച് ജീവിതത്തിൽ ഗതിമുട്ടിയ നിരാലംബർ എന്നിങ്ങനെ ഏറ്റവും വലിയ ആവശ്യത്തിൽ പെട്ടിരിക്കുന്നവരെയാണു ശുശ്രൂഷിക്കേണ്ടത്. അതായിരുന്നു മദറിന്റെ ചിന്ത.

മരണാസന്നരെയാണ് ശുശ്രൂഷാകേന്ദ്രങ്ങളിൽ കൊണ്ടുവരുന്നത്. അവർക്ക് ശുചിത്വമുള്ള ഇടവും മരുന്നും ഭക്ഷണവും ലഭിക്കുന്നു. ഒപ്പം, സ്നേഹവും പരിചരണവും. ഒരു ദിവസമോ ഒരാഴ്ചയോ ആയിരിക്കും അവരുടെ ശിഷ്ടായുസ്സ്. ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ സ്നേഹം പ്രകടിപ്പിക്കുന്ന മനുഷ്യരിലൂടെ ദൈവസ്നേഹത്തെയാണു ദർശിക്കുന്നത്. അനീതിക്കും ക്രൂരതയുടെ അനുഭവങ്ങൾക്കുമവസാനം മനുഷ്യസ്നേഹം നുകർന്നു മരിക്കുന്നത് എത്ര ചാരിതാർത്ഥ്യത്തോടെയാണ്. ആർക്കും ഗുണമില്ലാതെ ഗുഹയിലിരുന്നു ധ്യാനിക്കുന്ന സന്യാസിയും, ആളുകളെ കൂട്ടികൾട്ട് സൃഷ്ടിക്കുന്ന ആത്മീയക്കാരും, മനുഷ്യസ്നേഹമില്ലാത്ത മതവൈരാഗിയും വിശുദ്ധ പദവിക്കു മത്സരിക്കുമ്പോൾ നിർമല സ്നേഹം കൊണ്ട് വിശുദ്ധിയുടെ ആൾരൂപമായി മാറുന്ന മദർ ഒരു ബദലാണ്. താൻ ശുശ്രൂഷിക്കുന്നവരുടെ ആവശ്യം മാത്രം മുന്നിൽ കണ്ട് സഹായിക്കാൻ ഇടംവലം നോക്കാതെ എടുത്തുചാടുന്നതിന് ഒരു പ്രചോദനകേന്ദ്രമേയുള്ളൂ. യേശുവിന്റെ മനുഷ്യസ്നേഹമാണ് അവരുടെ ഹൃദയത്തെ ചലിപ്പിച്ചത്. പരിത്യക്തരുടെ ജീവിതത്തിൽ പങ്കുചേരുന്ന ക്രിസ്തുവിന്റെ ചിത്രം സുവിശേഷത്തിന്റെ താളുകളിൽ അവർ കണ്ടെത്തി. നമ്മോടുള്ള സ്നേഹത്താൽ മരിച്ച യേശുവിനെപ്പോലെ പരിധിയില്ലാതെ സഹജീവികളെ സ്നേഹിക്കുവാൻ അവർ ഉപദേശിച്ചു. ഈ സ്നേഹം അവരുടെ ജീവിതത്തിനു ഹരമായി. **യാതനയനുഭവിക്കുന്ന വ്യക്തിയിൽ മദർ യേശുവിനെ മാത്രം കണ്ടു. ഈ ദർശനമായിരുന്നു മദറിനെ മനുഷ്യസ്നേഹത്തിന്റെ മൂർത്തീഭാവമാക്കിയത്. ഇതുതന്നെയായിരുന്നു മദറിന്റെ അദ്ധ്യാത്മീയത.**



> ആർക്കും ഗുണമില്ലാതെ ഗുഹയിലിരുന്നു ധ്യാനിക്കുന്ന സന്യാസിയും, ആളുകളെ കൂട്ടി കൾട്ട് സൃഷ്ടിക്കുന്ന ആത്മീയക്കാരും, മനുഷ്യസ്നേഹമില്ലാത്ത മതവൈരാഗിയും വിശുദ്ധ പദവിക്കു മത്സരിക്കുമ്പോൾ നിർമല സ്നേഹം കൊണ്ട് വിശുദ്ധിയുടെ ആൾരൂപമായി മാറുന്ന മദർ ഒരു ബദലാണ്.

എവിടെയാണോ സ്നേഹം അവിടെയാണ് സാഹസികതയും. സ്നേഹമില്ലാത്തിടത്ത് ധൈര്യവും സാഹസികതയുമില്ല. അതുകൊണ്ട് ശുശ്രൂഷയെന്നത് സാമ്പത്തിക ലഭ്യതയുടെയും സന്യാസ അച്ചടക്കത്തിന്റെയും ഉള്ളിൽ ഒരു ചട്ടപ്പടി പ്രവർത്തനമായിരുന്നില്ല. യാതനയനുഭവിക്കുന്ന ഓരോ വ്യക്തിയും താൻ സ്നേഹിക്കുന്ന യേശുവാണെന്ന ബോദ്ധ്യത്തോടെയുള്ള ശുശ്രൂഷയുടെ കർമകാണ്ഡമായിരുന്നു മദറിന്റെ ജീവിതം. മദറിനെ സംബന്ധിച്ച് വിശ്വാസത്തിന്റെ ഏറ്റുപറച്ചിലായിരുന്നില്ല പ്രധാനം. സ്നേഹത്തിൽ പ്രേരിതമായ പ്രവർത്തനമായിരുന്നു പരിശുദ്ധിയുടെ മാനദണ്ഡം. ആരിലെല്ലാം നന്മ പ്രവർത്തിക്കുന്നുവോ അത് ദൈവിക പ്രവർത്തനമായി മദർ കണ്ടു. ചൈനാ സന്ദർശനസമയത്ത് ഭരണത്തലവനായ ഡെങിന്റെ പുത്രൻ നടത്തിക്കൊണ്ടിരുന്ന വികലാംഗഭവനം സന്ദർശിച്ചപ്പോൾ അദ്ദേഹത്തോട് മദർ പറഞ്ഞു: നിങ്ങൾ വലിയ ദൈവിക പ്രവൃത്തിയാണു ചെയ്യുന്നത്. അദ്ദേഹം പ്രതിവചിച്ചത്: ഞാൻ ദൈവവിശ്വാസിയേ അല്ല. പിന്നെ എങ്ങനെ ദൈവിക പ്രവൃത്തി ചെയ്യും? മദറിന്റെ മറുപടി: "Never mind. You are doing a work of charity. That is for God." ദൈവവിശ്വാ

*(ശേഷം പേജ് 8)*

ഈ കബറിടം ഒരു ദേവാലയത്തിനുള്ളിലായിരുന്നു. 15-ാം നൂറ്റാണ്ടിൽ മുസ്ലീമുകൾ ദേവാലയം കൈവശപ്പെടുത്തി. ഇന്ന് ഇത് ഒമയാദ് മോസ്ക് എന്ന് അറിയപ്പെടുന്നു. മുസ്ലീമുകളെ സംബന്ധിച്ച് സ്നാപക യോഹന്നാൻ അവരുടെയും ഒരു പ്രവാചകനായിരുന്നതുകൊണ്ട് മുസ്ലീമുകളും ക്രിസ്ത്യാനികളും ഒരുപോലെ ഈ കബറിടത്തിൽ പ്രാർത്ഥിക്കുന്നു. ഇതിനുള്ളിൽ സ്ത്രീകൾ പ്രവേശിക്കുമ്പോൾ ഒരു പ്രത്യേക തരം പർദ്ദ ധരിക്കണം. കാരണം, നിത്യസന്യാസിയായ സ്നാപകന്റെ അടുക്കൽ ചെല്ലുമ്പോൾ ശരീരം മുഴുവൻ മറയ്ക്കണമെന്നാണു നിയമം. ഞങ്ങളുടെ സംഘത്തിലുണ്ടായിരുന്ന വൈദികർ കബറിങ്കൽ പ്രത്യേക ധൂപപ്രാർത്ഥന നടത്തി. ദേവാലയത്തിനകത്തെ മാമോദീസത്തൊട്ടിയും അതിനോടു ചേർന്നുള്ള കിണറും ഇപ്പോഴുമുണ്ട്. മുസ്ലീമുകൾ ദേവാലയം കൈവശപ്പെടുത്തിയശേഷം മാമോദീസത്തൊട്ടി പൊളിച്ചുമാറ്റാൻ ശ്രമിച്ചപ്പോൾ തൊട്ടടുത്ത കിണറ്റിൽ നിന്ന് വെള്ളത്തിനുപകരം രക്തം വന്നു. അതുകൊണ്ട് മാമോദീസത്തൊട്ടി അവിടെത്തന്നെ നിലനിർത്തുകയും കിണർ അടച്ചുമൂടുകയും ചെയ്തു. ഒമയാദ് മോസ്ക് വാസ്തുശില്പത്തിൽ ഒരു അത്ഭുതം തന്നെയാണ്. ഇതിന്റെ മിനാരങ്ങളും അകത്തുള്ള അനേക പണികളും സ്വർണം കൊണ്ടാണു പൊതിഞ്ഞിട്ടുള്ളത്. ഇത് ഏഷ്യയിലെ ഏറ്റവും വലിയ ദേവാലയങ്ങളിലൊന്നാണ്.

ദമാസ്കസിൽ നിന്ന് 50 കി.മീ. അകലെ മലമുകളിൽ സ്ഥിതിചെയ്യുന്ന പുരാതന നഗരമാണ് മലോല. ഇവിടുത്തെ ജനങ്ങളിൽ 95% വും ക്രിസ്ത്യാനികളാണ്. യേശുക്രിസ്തു സംസാരിച്ച അരാമ്യഭാഷ സംസാരിക്കുന്ന ആളുകൾ ഇവിടെയുണ്ട്. ഇവിടുത്തെ ഒരു വൈദികൻ അറാമിക് ഭാഷയിൽ കർത്തൃപ്രാർത്ഥന ഞങ്ങളെ ചൊല്ലിക്കേൾപ്പിച്ചു.



നവാഭിഷിക്തനായ മാർ സേവേറിയോസ് മെത്രാപ്പോലീത്ത (വലത്ത്) മുഖ്യകാർമികനായ പാത്രിയർക്കീസ് ബാവയോടൊപ്പം

സെന്റ് താക്ള കോൺവന്റും അതിനോടു ചേർന്നുള്ള സെന്റ് ഗ്രിഗോറിയോസ് പള്ളിയും ഇവിടത്തെ വലിയ ആകർഷണമാണ്. സെന്റ് താക്ള ലോകത്തിലെ ആദ്യത്തെ വനിതാ രക്തസാക്ഷിയാണ്. എ.ഡി. 45-ൽ പൗലോസ് അപ്പോസ്തലൻ സുവിശേഷ പ്രചാരണാർത്ഥം സിറിയയിലുള്ള ഐക്കോണിയ എന്ന ഗ്രാമത്തിലെത്തി. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ആകൃഷ്ടയായ 16 വയസ്സുകാരി താക്ള പൗലോസിന്റെ ശിഷ്യത്വം സ്വീകരിച്ചു. കുലീന കുടുംബത്തിൽ പെട്ട താക്ളയുടെ വീട്ടുകാരും ഗ്രാമഭരണാധികാരികളും ഇതിൽ ക്ഷുഭിതരായി ഈ ബാലികയെ കൊല്ലുവാൻ ശ്രമിച്ചു. എന്നാൽ ഈ വധശ്രമത്തിൽ നിന്ന് അവർ അത്ഭുതകരമായി രക്ഷപ്പെട്ട് മലോലയിലെത്തി മലമുകളിലൊരു ഗുഹയിൽ ഒളിച്ചിരുന്ന് ക്രിസ്തുമതം പ്രചരിപ്പിച്ചു. പിന്നീട് ഇവിടെയൊരു കോൺവന്റു പണിത് ജനങ്ങളെ ശുശ്രൂഷിച്ചു. മരണശേഷം താക്ളയെ സഭ വിശുദ്ധയായി പ്രഖ്യാപിച്ചു. ഗുഹയോടു ചേർന്നുള്ള കിണറ്റിലെ വെള്ളമുപയോഗിച്ച് താക്ള രോഗികളെ സുഖപ്പെടുത്തുകയും മാമോദീസ നൽകുകയും ചെയ്തു. ഈ കിണറ്റിലെ വെള്ളം വിശുദ്ധജലമായി സന്ദർശകർ ഇപ്പോഴുമുപയോഗിക്കുന്നു.




പാത്രിയർക്കീസ് ആസ്ഥാനമായ മാർ അപ്രേം സെമിനാരി

കോൺവന്റിനോടു ചേർന്നുള്ള സെന്റ് ഗ്രിഗോറിയോസ് പള്ളി ലോകത്തിലെ ഏറ്റവും പുരാതന ദേവാലയങ്ങളിലൊന്നാണ്. ഇതിന്റെ ചുവരെഴുത്തുകൾ അറാമിക് ഭാഷയിലും അറബി ഭാഷയിലുമാണ്. മലോല എന്ന പദത്തിന് അറബിഭാഷയിൽ രോഗികളുടെ അമ്മ എന്നാണർത്ഥം. ഈ ഗ്രാമത്തിലെ വീടുകളുടെ പണിയും പ്രത്യേക തരത്തിലാണ്. മലമുകളിൽ തട്ടുതട്ടായാണ് അവ നിർമിച്ചിരിക്കുന്നത്.

ലോകത്തിലെ അതിപുരാതന നഗരങ്ങളിലൊന്നാണ് ദമാസ്കസ്. ഇവിടത്തെ ജനസംഖ്യ 170 ലക്ഷം ആണ്. ബഹുഭൂരിപക്ഷവും മുസ്ലീമുകളാണ്. ഇരുപതു ശതമാനത്തോളം ക്രിസ്ത്യാനികളുണ്ട്. കൃഷിയാണ് പ്രധാന തൊഴിൽ. പരുത്തി, ഗോതമ്പ്, പഴവർഗങ്ങൾ, പച്ചക്കറികൾ തുടങ്ങിയവയാണ് പ്രധാന കാർഷികോൽപ്പന്നങ്ങൾ. സൗദി അറേബ്യ, കുവൈറ്റ് തുടങ്ങിയ രാജ്യങ്ങളിലേക്ക് ഇവിടെ നിന്ന് പഴവർഗങ്ങൾ കയറ്റിയയയ്ക്കുന്നു. പഴങ്ങളിൽ ഓറഞ്ചും ആപ്പിളും മുഖ്യമാണ്. വഴിയോരങ്ങളിൽ ഓറഞ്ചുമരങ്ങൾ കായ്ച്ചു നിൽക്കുന്നത് വളരെ മനോഹരമായ ഒരു കാഴ്ചയാണ്. ഇവിടുത്തെ ആളുകളുടെ ഭക്ഷണക്രമത്തിൽ നെയ്യും വെണ്ണയും പ്രധാനമാണ്. എരിവും പുളിയും ഒഴിവാക്കി ധാരാളം മധുരം കഴിക്കുന്നവരാണവർ.

മതസൗഹാർദ്ദത്തിനു മാതൃകയാണ് ദമാസ്കസ് പട്ടണം. ക്രിസ്ത്യാനികളും മുസ്ലീമുകളും പരസ്പരം സ്നേഹിച്ചും സഹകരിച്ചും കഴിയുന്നു. നാലു ദിവസത്തെ ഹ്രസ്വസന്ദർശനം പൂർത്തിയാക്കി. 17-ന് ഞങ്ങൾ ദമാസ്കസ് നഗരത്തോടു വിടപറഞ്ഞു.

*(മാവേലിക്കര ബിഷപ്പ് മൂർ കോളജിലെ കൊമേഴ്സ് അധ്യാപകനാണു ലേഖകൻ.)*



# ജോണച്ചന്റെ വേദവിപരീതിനിയായ മേഴ്സിപ്പശു

ഫാദർജി

സന്ധ്യമണി അടിക്കുവാൻ പള്ളിയിലെത്തിയ കപ്യാരാണ് അതു കണ്ടത്. കണ്ടപാടേ ഓടിച്ചെന്ന് സന്ധ്യമണി അത്യാഹിത കൂട്ടമണിയായടിച്ചു. ഓടിയെത്തിയ യൂത്തുലീഗ് സെക്രട്ടറി തമ്പി വീഡിയോഗ്രാഫറെ കൊണ്ടുവന്ന് സംഭവം മുഴുവൻ അഭ്രപാളികളിലാക്കി. മാരുതി എസ്റ്റീമിൽ പാഞ്ഞെത്തിയ ട്രസ്റ്റി കുഞ്ഞവറാച്ചൻ സംഭവസ്ഥലം നിരീക്ഷിച്ച് ട്രസ്റ്റി മുറിയിൽ ചെന്ന് 'വീര്യം പ്രാപിച്ച്' കമ്മിറ്റി മുറിയിലെത്തി. കൂട്ടമണിയും ആൾക്കൂട്ടവും കണ്ട് പാഴ്സണേജിൽ നിന്ന് ഓടിയെത്തിയ സൈമണച്ചനെ തടഞ്ഞുനിർത്തി തന്നാണ്ട് മേമ്പൂട്ട് ഏലിയാസ് പറഞ്ഞു:

'അച്ചൻ വീട്ടിപ്പോ. ഞങ്ങളുടെ ക്ഷമ പരീക്ഷിക്കരുത്.'

'കാര്യമെന്താണ്?', അച്ചൻ ചോദിച്ചു.

'നാളെപ്പറയാം, ഇപ്പോ വീട്ടിപ്പോകാനാ പറഞ്ഞത്. ഞങ്ങൾ അടിയന്തര കമ്മിറ്റി കൂടുകയാണ്. അച്ചനിതിൽ കാര്യമില്ല'. അച്ചൻ വിഷണ്ണനായി പിൻവാങ്ങി.

ട്രസ്റ്റിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അടിയന്തരക്കമ്മിറ്റിയിൽ സെക്രട്ടറി കാര്യം വിശദീകരിച്ചു. നമ്മുടെ ഇടവക വികാരി ഒറ്റവള്ളിക്കു പോകുന്ന ആളല്ലെന്നും എതിർകക്ഷികളോട് ചായ്‌വുള്ള കക്ഷിയാണെന്നും നമുക്ക് പണ്ടേ സംശയമുണ്ടായിരുന്നു. **വേദവിപരീതികളുമായി യാതൊരു സംസർഗവുമരുതെന്ന ഇടവക മെത്രാപ്പോലീത്തയുടെ കൽപ്പന പുഴ്ത്തിയ കക്ഷിയാണദ്ദേഹം. ഇന്ന് എല്ലാം തെളിഞ്ഞു, അല്ല, ദൈവം തെളിയിച്ചു. എതിർകക്ഷിയുടെ പള്ളിസെമിത്തേരിയിൽ പുല്ലു തിന്നുന്ന ജോണച്ചന്റെ പശുവിനെ കണ്ടത് കപ്യാരാണ്. ഇങ്ങേരെ ഇനിയിവിടെ ഒരു നിമിഷം വച്ചുകൊണ്ടിരിക്കാനാവില്ല.'**

കരിസ്മാറ്റിക് ജോണി എഴുന്നേറ്റ് 'പ്രെയിസ് ദ ലോർഡ്' ചൊല്ലിക്കൊണ്ടു പറഞ്ഞു. 'എന്റെ വാത്സല്യ സഹോദരങ്ങളേ, ദൈവത്തിനു സ്തോത്രം! അച്ചന്റെ പശു എതിർകക്ഷിയുടെ പള്ളിസെമിത്തേരിയിലെ പുല്ലു തിന്നുന്നത് എങ്ങനെ വേദവിപരീതമാകും? അച്ചനല്ല, പശുവല്ലേ പുല്ലു തിന്നത്? ശത്രുക്കളെ സ്നേഹിക്കുവാൻ പറഞ്ഞ കർത്താവിനെ മറന്നൊന്നും പറയരുത്, സ്തോത്രം'!

യൂത്തുലീഗ് സെക്രട്ടറി മേൽമീശ കീഴ്ച്ചുണ്ടുകൊണ്ട് അഭിഷേകം ചെയ്തു പറഞ്ഞു: 'എന്റെ കരിസ്മാറ്റിക്കേ, ശത്രുക്കളെ സ്നേഹിക്കുവാൻ അത്രയ്ക്കു മുട്ടാണെങ്കിൽ പോയി സേവിച്ചോ. എതിർക**ക്ഷികളെ സഭാനേതൃത്വം ശപിച്ചു തള്ളിയിരിക്കുകയാണ്. അവരും അവരുടെ സന്തതിപരമ്പരയുമായി നമുക്ക് യാതൊരു ബന്ധവും പാടില്ലെന്നും അവരെ വഴിയിൽവച്ചു കണ്ടുപോയാൽ തലകുലുക്കി നിന്ദിച്ച് വഴി മാറിപ്പോകണമെന്നും അത്യാവശ്യങ്ങളിൽ തൊട്ടുകൂടരുതെന്നും അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്തയുടെ കൽപ്പനയുണ്ട്.'**

'അപ്പോ, സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ വേദവിപരീതികളെ എവിടെ നിർത്തും?'-കരിസ്മാറ്റിക് ചോദിച്ചു. 'നിങ്ങൾ ഭൂമിയിൽ കെട്ടുന്നതൊക്കെ സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കുമെന്ന് നമ്മുടെ കർത്താവു തന്നെ പറഞ്ഞിട്ടില്ലേ? വേദവിപരീതികളെ കയ്യും കാലും കെട്ടി നരകത്തിലിടും' സൺഡേസ്കൂളദ്ധ്യാപകനും എളിയ വചനശുശ്രൂഷകനുമായ പീറ്റർസാർ തിരിച്ചടിച്ചു. 'നിങ്ങൾ ആരെയും വിധിക്കരുത്, നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളും വിധിക്കപ്പെടുമെന്ന കർത്താവിന്റെ വചനം മറന്നൊന്നും പറയരുത്. അച്ചൻ നമുക്കുവേണ്ടി ദൈവശുശ്രൂഷ ചെയ്യുന്ന അഭിഷിക്തനാണ്. അദ്ദേഹത്തെ വേദവിപരീതിയെന്നു വിളിച്ചാൽ ദൈവം പൊറുക്കില്ല. സ്തോത്രം', കരിസ്മാറ്റിക്കിന്റെ കണ്ഠമിടറി.

ട്രസ്റ്റി ചാടിയെഴുന്നേറ്റ് ജോണിയുടെ കോളറിൽ പിടിച്ചുപൊക്കി തമ്പിക്ക് എറിഞ്ഞിട്ടുകൊടുത്തു. തമ്പിയും കൺവീനർ പാപ്പിയും കൂടി കരിസ്മാറ്റിക്കിനെ മേക്കെട്ടിപോലെ പൊക്കിയെടുത്ത് കമ്മിറ്റിമുറിയുടെ പുറത്തിട്ട് വാതിലടച്ചു. പള്ളിസെക്രട്ടറി പറഞ്ഞു: 'പള്ളിയിൽ വേദവിപരീതികൾ നുഴഞ്ഞു കയറുവാൻ നമ്മളൊരിക്കലും സമ്മതിക്കരുത്. കരിസ്മാറ്റിക്കിനെ ഇന്നുതന്നെ റജിസ്റ്ററിൽ നിന്നു മാറ്റുവാൻ പൊതുയോഗം ഏകകണ്ഠമായി തീരുമാനിച്ചതായി ഡയറിയിൽ രേഖപ്പെടുത്തണം.'

'അതിനു പൊതുയോഗം കൂടിയില്ലല്ലോ'-പ്രതിപക്ഷമെമ്പർ സക്കറിയ ക്രമപ്രശ്നമുന്നയിച്ചു. 'കൂടിയില്ല, പക്ഷേ കൂടിയതായി നമ്മൾ എഴുതിച്ചേർക്കും, ഒപ്പിടും'-സെക്രട്ടറി കട്ടായം പറഞ്ഞു. 'വേദവിപരീതികളിൽ നിന്ന് പള്ളിയെ രക്ഷിക്കുവാൻ നാളിതുവരെ ഭരണസമിതി എന്തെല്ലാം ചെയ്തിട്ടുണ്ട്?' ബാങ്കു മാനേജരും ഭദ്രാസന പ്രകോപന സമതിയംഗവുമായ ചാണ്ടി ചോദിച്ചു.

സെക്രട്ടറി വിശദീകരിച്ചു:- 'വേദവിപരീതികളായ അച്ചന്മാർ, അയ്മേനികൾ തുടങ്ങിയവരെ പള്ളി കോമ്പൗണ്ടിൽ കയറ്റാറില്ല, അവരുടെ വഴിപാടുകൾ സ്വീകരിക്കാറില്ല. അറിയാതെ ഏതെങ്കിലും വേദവിപരീതി പള്ളിയിൽ കയറിപ്പോയാൽ ഉടനെ കൂദാശ ചെയ്യാറുണ്ട്. പള്ളിയ്ക്കടുത്തുള്ള ഒരു വേദവിപരീതിക്ക് അന്ത്യകൂദാശ കൊടുക്കാനായി അച്ചൻ പോകാൻ തീരുമാനിച്ചപ്പോൾ അച്ചനെ മുറിയിലിട്ടുപൂട്ടി. മുൻ വികാരിമാരിൽ വേദവിപരീതികളായിട്ടുള്ളവരെ ഒരു കാരണവശാലും പള്ളിയിൽ കയറ്റുന്നതല്ല. വേദവിപരീതികളുടെ പള്ളിയിലേക്ക് കണക്ഷൻ കൊടുത്തിരിക്കുന്ന ഇലക്ട്രിക് ലൈനിൽനിന്നും നമ്മുടെ കണക്ഷൻ മാറ്റി....

'എന്റെ മാതാവേ, ഈ പശുവിന്റെ പാലല്ലേ ഞങ്ങളഞ്ചെട്ടു വീട്ടുകാർ വാങ്ങിക്കുടിക്കുന്നത്! ഞങ്ങളുടെ ഗതിയെന്താകും? സൺഡേസ്കൂളദ്ധ്യാപകൻ രാജു നെഞ്ചത്തടിച്ചു.

'വേദവിപരീതികളുമായി തൊട്ടുകൂടുന്നവരും വേദവിപരീതികൾ തന്നെയാണെന്നാണ് പിതാക്കന്മാരുടെ പഠിപ്പിക്കൽ. എതിർകക്ഷിയെ കല്യാണം കഴിച്ച എന്റെ ഏകമകളെ പത്തുകൊല്ലമായിട്ട് ഞാൻ വീട്ടിൽ കയറ്റിയിട്ടില്ല. ഇതിപ്പോൾ ഇടവക മുഴുവൻ അശുദ്ധമായി'-കോരച്ചേട്ടൻ തന്റെ പൗരാണിക പാരമ്പര്യ അറിവുകൾ ഉദ്ധരിച്ച് സമർത്ഥിച്ചു.


എമർജൻസി ലൈറ്റിട്ട പന്ത്രണ്ടു കാറുകളിൽ അരമനയിൽ പാഞ്ഞെത്തിയ കമ്മിറ്റിയംഗങ്ങൾ ഇടവക മെത്രാപ്പോലീത്തയെക്കണ്ട് സങ്കടം ബോധിപ്പിച്ചു. മൂന്നു ദിവസത്തിനുശേഷം മെത്രാപ്പോലീത്ത പള്ളിക്കയച്ച കൽപ്പന ഇങ്ങനെ:-

'കർത്താവിൽ വാത്സല്യ മക്കളേ,

ശപിക്കപ്പെട്ട വേദവിപരീതികളോടെതിർത്തു നിൽക്കുന്നതിലും ജീവൻ കൊടുത്തും സത്യവിശ്വാസം കാത്തു സൂക്ഷിക്കുന്നതിലും ഇടവകമക്കൾ കാണിക്കുന്ന ശുഷ്കാന്തിയിൽ നാം സന്തുഷ്ടനാണ്. ആരോപണവിധേയനായ പുരോഹിതൻ നമ്മുടെയടുക്കൽ വന്ന് കാൽക്കൽ വീണു പശ്ചാത്തപിച്ച് മാപ്പു ചോദിച്ചതിനാൽ ശിക്ഷയിൽനിന്ന് നാം അവനെ ഒഴിവാക്കിയിരിക്കുന്നു. എന്നാൽ വേദവിപരീതികളുടെ ശവപ്പറമ്പിൽ മേഞ്ഞ അശുദ്ധയായ 'ഉരു' മരിക്കേണ്ടതാകുന്നു. (ആഖാൻ ചെയ്ത കുറ്റത്തിന് ആ കുടുംബത്തെയും അവന്റെ കന്നുകാലികളെയും കല്ലെറിഞ്ഞു കൊല്ലാൻ ദൈവം കൽപ്പിച്ചത് നിങ്ങളെ സ്നേഹത്തോടെ നാം ഓർമിപ്പിക്കുന്നു.) ശപിക്കപ്പെട്ട മൃഗത്തിന്റെ പാൽ കുടിച്ച ജനം മൂന്നു ദിവസം നോമ്പെടുത്തു കുമ്പസാരിച്ച് വി. കുർബാന


(ശേഷം പേജ് 10)

SCIENCE



# പോകാം, ചന്ദ്രനിലേക്ക്!

ഡോ. ജോർജ് എം. തോമസ്



ബഹിരാകാശസഞ്ചാരമേഖലയിൽ പഠനഗവേഷണങ്ങൾ നടത്തിയും വാഹനങ്ങളുണ്ടാക്കിയും കോടിക്കണക്കിനു പണം ചെലവഴിക്കുന്ന ലോകരാഷ്ട്രങ്ങൾ ഇപ്പോൾ ചന്ദ്രനിൽ പോകാൻ പ്രത്യേകം തയാറെടുക്കുകയാണ്. അവിടെ കുറെ സ്ഥലം കൈവശപ്പെടുത്താൻ സാധിച്ചാൽ ലഭ്യമാകുന്ന സൗകര്യങ്ങൾ ഓർത്താണോ, അതോ, പുതുതായി പലതും അറിയാനുള്ള ആവേശം കൊണ്ടാണോ എന്നറിയില്ല. ചന്ദ്രനെ ആർക്കു വേണമെങ്കിലും സ്വന്തമാക്കാമോ, അതോ, നമ്മുടെയെല്ലാം പൊതുസ്വത്താണോ? ഐക്യരാഷ്ട്രസഭ ചില നിർദ്ദേശങ്ങളൊക്കെ കൊടുത്തിട്ടുണ്ട്; ഒന്നും പൂർണ്ണമല്ല. അതുതമെന്നു പറയട്ടെ, ഇപ്പോഴത്തെ ആവേശത്തിൽ നമ്മുടെ രാജ്യവും പങ്കുചേരുന്നു. ബഹിരാകാശ പേടകമുണ്ടാക്കി പണവും സമയവും അധ്വാനവും ചെലവിടാൻ തക്ക ശേഷി ഇൻഡ്യയ്ക്കുണ്ടോ? എതിർപ്പുണ്ടെങ്കിലും, കൂടുതൽ അറിയുവാനുള്ള ആവേശം മനുഷ്യപുരോഗതിയ്ക്കു സഹായകമാണ്. വളരെ കഴിവുള്ള ശാസ്ത്രജ്ഞന്മാർ നമുക്കുണ്ടെന്നുള്ളത് അഭിമാനകരമായ നേട്ടമാണ്. ചന്ദ്രനിൽ പോകാനും തിരികെ വരാനും പേടകം വേണം. കൂടാതെ, അതിന്റെ നിയന്ത്രണത്തിനാവശ്യമായ മറ്റു ഉപകരണങ്ങളും. തടസ്സങ്ങളും അപകടസാദ്ധ്യതയും വളരെയുള്ള ഒരു സംരംഭമാണിത്. ചന്ദ്രനെപ്പറ്റി ഇനി പലതും മനസ്സിലാക്കാനുണ്ട്. വിലപ്പിടിപ്പുള്ള പുതിയ ലോഹങ്ങൾ വല്ലതും അവിടെ കണ്ടുപിടിക്കാനാവുമോ എന്തോ?

ചന്ദ്രനിൽ പോകാതെ തന്നെ ഇവിടെയിരുന്നുകൊണ്ട് ടെലസ്കോപ്പും വൈദ്യുതകാന്തിക തരംഗങ്ങളുമുപയോഗിച്ച് പലതും നാം പഠിച്ചു. കൂടാതെ, മുമ്പു നടത്തിയ ബഹിരാകാശ പര്യടനങ്ങളിൽ നിന്ന് കൂടുതൽ കാര്യങ്ങൾ ഗ്രഹിച്ചു. അവയെല്ലാം ചുരുക്കത്തിലൊന്നു പരിശോധിച്ചാൽ കൂടുതൽ അറിയാനുള്ള ജിജ്ഞാസയുണ്ടാകും. ഭൂമി സൂര്യനു ചുറ്റും ദീർഘവൃത്താകൃതിയിൽ സഞ്ചരിക്കുന്നു. ചന്ദ്രൻ ഭൂമിക്കു ചുറ്റും സഞ്ചരിക്കുന്നു. ചന്ദ്രന്റെ ഭ്രമണതലം ഭൂമിയുടെ ഭ്രമണതലത്തിൽ നിന്ന് ചരിഞ്ഞാണു നിൽക്കുന്നത്. ഭൂമിയും ചന്ദ്രനും ഒരേ തലത്തിലാണു കറങ്ങുന്നതെങ്കിൽ ചന്ദ്രൻ പലപ്പോഴും ഭൂമിക്കും സൂര്യനുമിടയ്ക്കു വന്ന് സൂര്യപ്രകാശം നമുക്കു തടസ്സപ്പെടുത്തും. അതായത്, സൂര്യഗ്രഹണം ഫലം. ഈ ശല്യമൊഴിവാക്കുന്നത് ചന്ദ്രന്റെ ചരിഞ്ഞുള്ള ഭ്രമണമാണ്. സൂര്യഗ്രഹണം ആണ്ടിലൊരിക്കൽ മാത്രം.

പിന്നെ, ചന്ദ്രന്റെ ഒരു വശം മാത്രമേ ഭൂമിയിൽ നിന്നു കാണാൻ സാധിക്കൂ. ചന്ദ്രൻ 28 ദിവസം കൊണ്ട് ഭൂമിക്കു ചുറ്റും ഒരു പ്രാവശ്യം കറങ്ങുമ്പോൾ സ്വന്തം അച്ചുതണ്ടിൽ ഒരു പ്രാവശ്യം കറങ്ങും. അങ്ങനെ മറുഭാഗം ഭൂമിയിൽ നിന്നു മറച്ചുപിടിക്കാൻ കഴിയുന്നു. സാധാരണ ഒരു ചന്ദ്രക്കലയേ ദൃശ്യമാകുന്നുള്ളൂ. സൂര്യന്റെ ബാക്കി വെളിച്ചം ചന്ദ്രന്റെ മറുഭാഗത്താണ് വീഴുന്നത്. വെളുത്തവാവിനു പൂർണ്ണചന്ദ്രൻ. കറുത്തവാവിന് ചന്ദ്രനെ കാണുന്നില്ല. സൂര്യന്റെ വെളിച്ചം മറച്ചുപിടിച്ചിരിക്കുന്ന മറുഭാഗത്താണു വീഴുന്നത്. ഭൂമിയുടെ നിഴൽ ചന്ദ്രനിൽ വീഴുമ്പോൾ ചന്ദ്രഗ്രഹണം.

ബഹിരാകാശയാത്രയുടെ തുടക്കം 1961 ഏപ്രിൽ 12-ന് ആയിരുന്നു. റഷ്യയിൽ നിർമിച്ച ബഹിരാകാശ പേടകം, മറ്റ് ഉപകരണങ്ങൾ, റോക്കറ്റ് മുതലായവ ഉപയോഗിച്ച് യൂറി ഗഗാറിൻ ഭൂമിയെ ചുറ്റി ജീവനോടെ തിരിച്ചെത്തി. പേടകത്തിന് ഏകദേശം അയ്യായിരം കിലോഗ്രാം തൂക്കം. ദീർഘവൃത്തത്തിൽ തള്ളിവിടാൻ സഹായിച്ചത് ഒരു റോക്കറ്റ് ആണ്. കൂടിയ ഉയരം 300 കി.മീ., കുറഞ്ഞ ദൂരം 175 കി.മീ.; ചുറ്റി വരാൻ എടുത്ത സമയം 90 മിനിട്ട്. അതിനു ശേഷം റഷ്യയും അമേരിക്കയും പേടകത്തിൽ പലരെയും ഭൂമി ചുറ്റാൻ അയച്ചു. അവർ പല പുതിയ അറിവുകൾ ശേഖരി

*(ശേഷം പേജ് 10)*

[illegible]

സികളല്ലാത്തവരുടെ നന്മപ്രവൃത്തികൾ പോലും ദൈവികവേലയായി കാണുന്ന മദർ സെക്കുലർ ലോകത്തും ദൈവിക പ്രേരണയും പ്രവർത്തനവും കണ്ടെത്തി.

ഭക്ഷണത്തിൽ വീഴുന്ന ഉപ്പ് അസ്തിത്വം നിഷേധിച്ച് ഭക്ഷണത്തിനു രുചി വരുത്തുന്നതുപോലെ സ്വന്തം നിലനിൽപ്പുപോലും അപകടപ്പെടുത്തി അപരനെ സ്നേഹിച്ച മദർ എല്ലാവരുടെയും സൗഹൃദം നേടി. ക്യൂബയിൽ കത്തോലിക്കാ സഭയെ നിരോധിച്ച് അതിന്റെ സകല അവശേഷിപ്പിനെയും തുടച്ചു നീക്കിയ ഫിഡൽ കാസ്ട്രോയ്ക്ക് അതിന് നീതീകരണമുണ്ടായിരുന്നു. സഭ മുതലാളിത്തത്തിന്റെ സഹയാത്രികയും സാമൂഹ്യനീതിക്കു തടസ്സവുമാണ്. എന്നാൽ ഈ പ്രശ്നം മദറിൽ കാസ്ട്രോ കണ്ടില്ല. 1985-ൽ അദ്ദേഹം അവരെ ഹവാനയിലേക്കു ക്ഷണിക്കാനും, അവിടെ ഏകാന്തർക്കു വസതി തുടങ്ങാൻ അഭ്യർത്ഥിക്കാനും തയാറായി. സോഷ്യലിസ്റ്റ് ഭരണത്തിലിരിക്കെ റഷ്യൻ ഭരണകൂടം ഹൃദ്യമായ വരവേൽപ്പാണ് മദറിനു നൽകിയത്. മതത്തിന്റെ സംഘടിത രൂപത്തിനു മുമ്പിൽ നിഷേധശബ്ദമുയർത്തിയവർ മദറിനെ ശത്രുവായി കണ്ടില്ല.

മദറിലൂടെ ക്രിസ്തുസാന്നിദ്ധ്യം വെളിപ്പെട്ടപ്പോൾ സംഘടിതസഭയുടെ അപചയമാണു വെളിപ്പെട്ടത്. നിലവിലിരുന്ന ക്രിസ്തീയദൗത്യവും സാക്ഷ്യവും മദർ തിരുത്തിക്കുറിച്ചു. "ഞങ്ങൾ ചെയ്യുന്നത് മറ്റുള്ളവർ ചെയ്യാത്തതാണ്. വലിയ ആവശ്യം നേരിടുന്നിടത്താണ് ഞങ്ങൾ പോകുന്നത്." ഇതാണ് സേവനത്തെക്കുറിച്ച് മദറിന്റെ നിർവചനം. ശുശ്രൂഷ നിഷേധിക്കപ്പെട്ട എയ്ഡ്സ് രോഗിയിലും, സമൂഹം തള്ളിയ അവിവാഹിത ഗർഭിണികളിലും, തെറ്റു ചെയ്യാത്ത ഗർഭസ്ഥശിശുവിലും, ചൂഷണത്തിനു വിധേയരായ ദരിദ്രരിലുമെല്ലാം യേശുവിനെ അവർ ദർശിച്ചു. "ഈ ചെറിയവരിലൊരുവനു ചെയ്തതെല്ലാം എനിക്കു നിങ്ങൾ ചെയ്തു" എന്ന ക്രിസ്തുവചനം മദറിനെ രൂപപ്പെടുത്തി. ദരിദ്രരിൽ യേശുവിനെ അവർ കണ്ടെത്തി. ശുശ്രൂഷിക്കപ്പെടുന്നവർക്ക് അപരിചിതത്വവും അകലവും തോന്നാതിരിക്കാൻ വ്രതവാഗ്ദാനസമയത്ത് ആദരവോടെ സ്വീകരിച്ച സഭാവസ്ത്രം പോലും അഗതിയോടു ഐക്യദാർഢ്യപ്പെടാനായി ഉപേക്ഷിച്ചപ്പോൾ വിശുദ്ധി എന്ന ആശയം ഘനീഭവിക്കുകയായിരുന്നു; ദൈവത്തിനു സൗന്ദര്യമായ ഒന്നായി പരിണമിക്കുകയായിരുന്നു. വിശുദ്ധിയുടെ പര്യായമായ അവരെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കുമ്പോൾ നമുക്കും പാദവന്ദനം ചെയ്യാം. ●

# കഥയില്ലാത്ത അൽപ്പം ചില്ലറക്കാര്യങ്ങൾ



ഡോ. കെ. വി. വർഗീസ്

> ലോകത്തെ എപ്രകാരം വിലയിരുത്തണമെന്ന ഉൾക്കാഴ്ച നൽകുവാൻ ഗുരുക്കന്മാർക്കു കഴിയണം. അറിവു പകർന്നു കൊടുക്കുന്നതോടൊപ്പം ഒരു വിദ്യാർത്ഥിയെ ദർശനം കാണുവാൻ പ്രാപ്തനാക്കുകയെന്നതാണ് ഗുരു ഏറ്റെടുക്കേണ്ട ശ്രമകരമായ ദൗത്യം.

## ഗുരു മരിക്കുന്നില്ല!

**ആരാണു ഗുരു? വഴി കാട്ടുന്നവനോ, അതോ, വഴി കണ്ടെത്തുവാൻ വിദ്യാർത്ഥിയെ സഹായിക്കുന്നവനോ?** അധ്യാപകനെന്ന നിലയിൽ ഈ രണ്ടു കാര്യങ്ങൾക്കും പ്രസക്തിയുണ്ട്. പക്ഷേ, ഒന്നാം ഘട്ടത്തിൽ നിന്ന് രണ്ടാമത്തേതിലേക്ക് ഒരു വിദ്യാർത്ഥിയെ എത്തിക്കുവാൻ കഴിയാത്ത ഒരധ്യാപകൻ ഗുരുവെന്ന പദവിക്ക് അർഹനല്ല. ജീവിതം ഒരന്വേഷണമാണ്. അതിൽ ലക്ഷ്യം കണ്ടെത്തുകയും നിറഞ്ഞു നിൽക്കുകയും ചെയ്യണമെങ്കിൽ അനുഭവജ്ഞാനം ആവശ്യമാണ്. ഇതുണ്ടാകുന്നത് സഹപാഠികളിൽനിന്നും, ഗുരുക്കന്മാരിൽ നിന്നും, തുറസ്സായ ലോകത്തിൽ നിന്നുമാണ്. ലോകത്തെ എപ്രകാരം വിലയിരുത്തണമെന്ന ഉൾക്കാഴ്ച നൽകുവാൻ ഗുരുക്കന്മാർക്കു കഴിയണം. അറിവു പകർന്നു കൊടുക്കുന്നതോടൊപ്പം ഒരു വിദ്യാർത്ഥിയെ ദർശനം കാണുവാൻ പ്രാപ്തനാക്കുകയെന്നതാണ് ഗുരു ഏറ്റെടുക്കേണ്ട ശ്രമകരമായ ദൗത്യം.

താംബരത്തുള്ള മദ്രാസ് ക്രിസ്ത്യൻ കോളജിൽ ഞാനൊരു വിദ്യാർത്ഥിയായി പ്രവേശിച്ചത് 1953-ലാണ്. ശ്രീലങ്ക, മലേഷ്യ, ഇൻഡൊനീഷ്യ, ഘാന, നൈജീറിയ, കെനിയ, മൗറീഷ്യസ് മുതലായ അന്യനാടുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ അവിടെയുണ്ടായിരുന്നു. റവ. ഡോ. എ.ജെ.ബോയ്ഡ് ആയിരുന്നു അന്നത്തെ പ്രിൻസിപ്പൽ. ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിലെ ഭൂരിഭാഗം അധ്യാപകരും സ്കോട്ലണ്ടുകാരായിരുന്നു. മറ്റു ഡിപ്പാർട്ടുമെന്റുകളിലും നിസ്തുല സേവനമാണ് അവർ നിർവഹിച്ചുവന്നത്. എന്നാൽ എന്നെ ഏറ്റവുമധികം സ്വാധീനിച്ചത് ഭാരതീയരായ രണ്ടു വ്യക്തികളായിരുന്നു-അന്തരിച്ച പ്രൊഫ. ചന്ദ്രൻ ദേവനേശനും പ്രൊഫ. ടി.കെ.തോമസും. പ്രൊഫ. തോമസിന്റെ ശിഷ്യനാകുവാൻ ഭാഗ്യം ലഭിച്ചത് ജീവിതത്തിലെ ഏറ്റവും വലിയ ഒരനുഗ്രഹമായി ഞാൻ ഇന്നും കരുതുന്നു.

പ്രൊഫ. ദേവനേശൻ കേംബ്രിഡ്ജ് സർവകലാശാലയിൽ നിന്ന് ഉന്നതബിരുദം നേടിയ ഒരു വ്യക്തിയായിരുന്നു. പിൽക്കാലത്ത് അദ്ദേഹം ക്രിസ്ത്യൻ കോളജ് പ്രിൻസിപ്പലും, നോർത്ത് ഈസ്റ്റേൺ ഹിൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലറുമായി. അദ്ദേഹം ഞങ്ങളെ പൊളിറ്റിക്കൽ സയൻസാണു പഠിപ്പിച്ചത്. പൊളിറ്റിക്കൽ ഫിലോസഫേഴ്സിനെപ്പറ്റി പരാമർശിക്കുമ്പോൾ അദ്ദേഹം വാചാലനാകും. അതു കേൾക്കുമ്പോഴുണ്ടാകുന്ന അനുഭൂതി അവാച്യമായിരുന്നു. പഠനവിഷയത്തിൽ അത്രമാത്രം അലിഞ്ഞുചേരുന്ന ഒരവസ്ഥ അതിനു മുമ്പുണ്ടായിട്ടില്ല. എങ്കിലും ഡോ. ദേവനേശന്റെ ലക്ചേഴ്സ് കേട്ട് പരീക്ഷ എഴുതാമെന്ന് ഞങ്ങളാരും കരുതിയില്ല. പരീക്ഷയെഴുതുന്നതിനു ക്രമപ്പെടുത്തിയ പുസ്തകങ്ങൾ നോക്കി നോട്ടു തയാറാക്കേണ്ടത് ആവശ്യമായിരുന്നു. അതു ഞങ്ങളെ സ്വാശ്രയബോധത്തിലും അന്വേഷണബുദ്ധിയിലും എത്തിച്ചു. അതുകൊണ്ടാണ് ധനതത്വശാസ്ത്രത്തിൽ ബിരുദമെടുത്ത ഞാൻ ബിരുദാനന്തരപഠനത്തിന് രാഷ്ട്രമീമാംസ തിരഞ്ഞെടുത്തത്.

പ്രൊഫ. ടി. കെ. തോമസിനെ കോളജ് കാമ്പസിൽ വച്ചാണ് ഞാൻ ആദ്യമായി പരിചയപ്പെടുന്നത്. കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസലറന്മാരായിരുന്ന ഡോ. എ. വി. വർഗീസും ഡോ. ജി. ബാലമോഹൻ തമ്പിയും സീനിയർ വിദ്യാർത്ഥികളായി അന്നവിടെ ഉണ്ടായിരുന്നു. ഈ നിൽക്കുന്നത് ഒരു ചെറുകിട എഴുത്തുകാരനാണെന്നു പറഞ്ഞാണ് അവരെന്നെ അദ്ദേഹത്തിനു പരിചയപ്പെടുത്തിയത്. തോമസ് സാറിന്റെ നാക്കിൻ തുമ്പത്ത് വറ്റിപ്പോകാത്ത ഫലിതം എപ്പോഴുമുണ്ടാകും. 'നമുക്കിവിടെ പല എഴുത്തച്ഛന്മാരുണ്ടല്ലോ. അവരുടെ ഗണത്തിൽ ഒരാൾ കൂടെ' എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. ഞങ്ങൾ നാലാളും പല കാര്യങ്ങളെപ്പറ്റി സംസാരിച്ചു. കപടഭാവമില്ലാത്ത ഒരു സഹൃദയനാണ് അദ്ദേഹമെന്ന് എനിക്കു തോന്നി. ഇതൊരു ആരാധനാ മനോഭാവമായിത്തീരുവാൻ അധികനാൾ വേണ്ടിവന്നില്ല.

ഷേക്സ്പിയറിന്റെ മാക്ബത്ത് എന്ന നാടകമാണ് അദ്ദേഹം ഞങ്ങളെ പഠിപ്പിച്ചുകൊണ്ടിരുന്നത്. അതിലെ കഥാപാത്രങ്ങളുടെ സ്വഭാവചിത്രീകരണത്തിൽ വിശ്വസാഹിത്യകൃതികളിൽ നിന്ന് അദ്ദേഹം തിരഞ്ഞെടുത്ത പാരലൽസ് പിൽക്കാലത്ത് ഷേക്സ്പിയർ കൃതികളെല്ലാം വായിക്കുവാൻ എനിക്കു പ്രേരണ നൽകി. ഒരു സുഹൃത്തെന്ന നിലയിലാണ് അദ്ദേഹം ഞങ്ങളോടിടപെട്ടിരുന്നത്. കോളജിൽ നടക്കുന്ന പരിപാടികളെപ്പറ്റിയും അതിൽ ഏതിലൊക്കെ പങ്കെടുക്കണമെന്നും അദ്ദേഹം നൽകിയ സൂചനകൾ വിലപ്പെട്ടതായിരുന്നു. പലപ്പോഴും അവധി ദിവസങ്ങളിലാണ് പരിപാടികൾ നടക്കുക. അതിനാൽ മൗണ്ട് റോഡിലും മറീന ബീച്ചിലുമൊക്കെ ചുറ്റിക്കറങ്ങുവാനാണ് പലരും താത്പര്യപ്പെട്ടത്. ഞാനും അങ്ങനെയായിരുന്നു. ഡോ. സി.പി.രാമസ്വാമി അയ്യർ, ഡോ. എസ്. രാധാകൃഷ്ണൻ, ഡോ. സി. രാജഗോപാലാചാരി മുതലായവർ കോളജിലെത്തുമ്പോൾ പരിപാടികളെല്ലാം റദ്ദാക്കി അവരുടെ മീറ്റിംഗുകളിൽ സംബന്ധിക്കുവാൻ തീരുമാനിച്ചതിൽ സാറിന്റെ പ്രേരണയാണുണ്ടായിരുന്നത്. ഇതെല്ലാം അഭൂതപൂർവമായ അനുഭവങ്ങളായിത്തീരുകയും ചെയ്തു.

മദ്രാസ് വിട്ടശേഷവും അദ്ദേഹവുമായി ഞാൻ ബന്ധം പുലർത്തിവന്നിരുന്നു. ഒരിക്കൽ ഞാനെഴുതിയ ഒരു നർമ്മലേഖനം അദ്ദേഹത്തിന്റെ കണ്ണിൽ പെട്ടു. എന്നെ അഭിനന്ദിച്ചുകൊണ്ട് അദ്ദേഹം കത്തയച്ചപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. ആടിനെ തേടിയെത്തുന്ന ഇടയന്റെ രൂപമാണ് ആ വരികളിൽ തെളിഞ്ഞത്. തോമസ് സാർ സി.എൽ.എസ്.ന്റെ എഡിറ്റോറിയൽ സെക്രട്ടറിയായി പ്രവർത്തിക്കുമ്പോഴും, സിംഗപ്പൂർ കേന്ദ്രമായി സി.സി.എ.യുടെ കമ്യൂണിക്കേഷൻസ് വകുപ്പു കൈകാര്യം ചെയ്യുമ്പോഴും ഞാൻ അദ്ദേഹവുമായി ബന്ധപ്പെട്ടിട്ടുണ്ട്. മടങ്ങുമ്പോൾ സ്വായത്തമാകുന്നത് ഉൾക്കാഴ്ചയുടെ ഒരു സ്വർണ്ണഖനി തന്നെ ആയിരുന്നു. വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ സെൻട്രൽക്കമ്മിറ്റിയിൽ 1984 മുതൽ 90 വരെ ഞാൻ അംഗമായിരുന്നു. അന്ന് കമ്യൂണിക്കേഷൻസ് വിഭാഗം സെക്രട്ടറി, ടി. കെ. എന്ന പേരിൽ അറിയപ്പെട്ടിരുന്ന തോമസ് സാറായിരുന്നു. പുസ്തകങ്ങൾ

*(ശേഷം പേജ് 18)*

ച്ചു. ചിലർ പല പ്രാവശ്യം ചുറ്റിക്കറങ്ങി തിരിച്ചെത്തി.

ആളില്ലാതെ ഭൂമിയെ ചുറ്റിയ രണ്ടു പേടകങ്ങൾ ബഹിരാകാശത്തു വച്ച് ഭൂമിയിലെ നിയന്ത്രണത്തിൽ കൂട്ടിഘടിപ്പിക്കാനുള്ള വിദ്യ റഷ്യ കണ്ടുപിടിച്ചു. ഇന്നു മിക്ക രാജ്യങ്ങൾക്കും ഭൂമിയെ ചുറ്റിക്കറങ്ങുന്ന ഉപഗ്രഹങ്ങളുണ്ട്. വാർത്തകൾ വേഗമയയ്ക്കാനുള്ള ഉപകരണങ്ങളും ഘടിപ്പിച്ചിട്ടുണ്ട്. സഞ്ചാരികളെ വഹിച്ചുകൊണ്ട് ഭൂമിയിൽ നിന്നു യാത്രയായ ഒരു പേടകം ചന്ദ്രന്റെ അടുത്തെത്തിയപ്പോൾ ചന്ദ്രനു ചുറ്റും കറങ്ങാൻ തുടങ്ങി. അതിന്റെ നിയന്ത്രണം മുഴുവൻ ഭൂമിയിൽ നിന്നാണ്. ചന്ദ്രനു ചുറ്റും കറങ്ങുമ്പോൾ ആ പേടകത്തിൽ നിന്ന് ഒരു ചെറിയ പേടകം ആളുകളെയും വഹിച്ചുകൊണ്ട് സാവധാനത്തിൽ ചന്ദ്രനിലിറങ്ങി. അവിടെയൊക്കെ സഞ്ചരിച്ച് തിരികെ ഭൂമിയിലെത്തി. പറഞ്ഞപ്പോൾ എല്ലാം എളുപ്പത്തിൽ കഴിഞ്ഞു! എന്നാൽ എന്തെല്ലാം പ്രശ്നങ്ങൾ മറികടന്നാണ് ഇതു സാധിച്ചത്. മുൻയാത്രകളിലൂടെ ശേഖരിച്ച അറിവുകൾ ഉപയോഗപ്പെടുത്തി വേണ്ട മുൻകരുതലുകളെടുത്താണ് യാത്രികരെ ജീവനോടെ തിരിച്ചു കൊണ്ടുവന്നത്. ഇതിനിടെ ഒരു നായ, ഒരു വനിത, ഇങ്ങനെ പലരെയും ചന്ദ്രനിലെത്തിച്ചു.

ഭൂമിയുടെ പൊതുസ്വത്തായ അന്തരീക്ഷം, വായു, ജലം, സൂര്യൻ, ചന്ദ്രൻ മുതലായവ മലിനീകരിക്കാൻ പാടില്ല. പ്രപഞ്ചം ചുരുങ്ങുകയാണ്. ലോകത്തെവിടെയും എത്തിച്ചേരാനും അന്യോന്യം ആശയവിനിമയം നടത്താനും നിമിഷങ്ങൾ മാത്രം മതി. ലോകം മുഴുവൻ അയൽക്കാരാണ്. ലോക പൗരന്മാരായി വേണം നാം ജീവിക്കാൻ.

പ്രശ്നങ്ങൾ ചുരുക്കിപ്പറയാം:-

• അവശ്യം വേണ്ട ഉപകരണങ്ങളും യന്ത്രങ്ങളും ഉൾക്കൊണ്ട പേടകം നിശ്ചിത വേഗത്തിൽ തൊടുത്തു വിടുക-വളരെ കൃത്യമായി ചെയ്യേണ്ട ആദ്യത്തെ പ്രവൃത്തി. • പേടകത്തെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യാൻ തുടർച്ചയായി പ്രവർത്തിക്കുന്ന സംവിധാനം • പേടകത്തിന്റെ പോക്കും സ്ഥാനവും ഏതു സമയവും ഭൂമിയിലറിയാൻ വേണ്ട സജ്ജീകരണങ്ങൾ • പേടകത്തിൽ നിന്നു ശേഖരിക്കുന്ന വിവരങ്ങൾ ഭൂമിയിലേക്ക് അയച്ചുകൊണ്ടിരിക്കുന്ന യന്ത്രങ്ങളുടെ തുടർച്ചയായ പ്രവർത്തനം • പേടകത്തിനകത്തെ കാലാവസ്ഥയ്ക്കു വ്യത്യാസം വന്നാലും അതിലെ യന്ത്രങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കണം • ദീർഘകാലത്തേക്ക് ആവശ്യമായ ഊർജ്ജസംഭരണം

മനുഷ്യൻ ചന്ദ്രനിൽ പോകാൻ ശ്രമം തുടങ്ങിയത് അമ്പതുവർഷം മുമ്പാണ്. ഇത്ര അപകടം പിടിച്ച സാഹസികസംരംഭത്തിന് മനുഷ്യൻ ഒരുമ്പെട്ടത് അവന്റെ ജന്മവാസനയൊന്നു കൊണ്ടു മാത്രമാണ്. നൂതനകാര്യങ്ങൾ കണ്ടുപിടിക്കാനുള്ള ആഗ്രഹം വളർച്ചയുടെ ലക്ഷണമാണ്. പണ്ട് ധ്രുവപ്രദേശങ്ങൾ കണ്ടുപിടിച്ച് കാര്യങ്ങൾ മനസ്സിലാക്കാൻ അവിടെപ്പോയി പഠനം നടത്തിയത് ഈ ജന്മവാസനയുടെ ഫലമായാണ്. പിഴവുകൾ പലതുമുണ്ടായെങ്കിലും ഒടുവിൽ വിജയിച്ചു. ചന്ദ്രന്റെ കാര്യത്തിലും ചില പിഴവുകൾ പറ്റി. എന്നാൽ അതൊക്കെ തിരുത്തി മുന്നേറി.

ചന്ദ്രനിൽ റേഡിയോആക്ടിവിറ്റിയുണ്ട്. അതു പരിശോധിച്ച് ചന്ദ്രന്റെ പ്രായം കണക്കാക്കാൻ സാധിക്കും. യുറേനിയം പോലെ ആണവശക്തി ഉണ്ടാക്കാൻ പറ്റിയ ഭാരം കൂടിയ ലോഹങ്ങൾ കണ്ടേക്കാം. ചന്ദ്രന്റെ വ്യാസം ഭൂമിയുടേതിന്റെ നാലിലൊന്നു മാത്രമാണ്. ദ്രവ്യമാനം ഭൂമിയുടേതിന്റെ എണ്ണായിരത്തിലൊരംശവും, ഗുരുത്വാകർഷണം ആറിലൊന്നും. അപ്പോൾ വായുവും നീരാവിയും പിടിച്ചു നിർത്താൻ ഗുരുത്വാകർഷണം പോരാ. വെള്ളവും വായുവുമില്ലാതെ ചന്ദ്രനിൽ എങ്ങനെ ജീവിക്കും? ഇവിടെ നിന്ന് കൊണ്ടുപോകണം. ഗുരുത്വാകർഷണം ആറിലൊന്നു മാത്രമായതിനാൽ അറുപതു കിലോഗ്രാം തൂക്കമുള്ള ഒരാൾ ചന്ദ്രനിൽ ചെന്നാൽ വെറും പത്തു കിലോഗ്രാം മാത്രം! ഈ ഭാരക്കുറവ് കണക്കാക്കാതെ ചന്ദ്രനിൽ നടക്കാൻ ശ്രമിച്ചാൽ ചാടിച്ചാടിപ്പോകും.

ചന്ദ്രനിൽ സ്ഥലം ശൂന്യമാണ്. വായുവിന്റെയും വെള്ളത്തിന്റെയും അഭാവത്തിൽ ചെടികളും മരങ്ങളുമില്ല. മണ്ണിൽ വിലപ്പിടിപ്പുള്ള ലോഹങ്ങളുണ്ട്. അത് കടത്തിക്കൊണ്ടുപോരാൻ ഒരു ശ്രമം നടന്നേക്കും. ചന്ദ്രന്റെ മറുവശം കാണാനും ആഗ്രഹം കാണും. ഇപ്പോഴത്തെ ശ്രമം ശാസ്ത്രീയമായി ഗവേഷണം നടത്താൻ കൂടിയാണ്. ബഹിരാകാശ ഗവേഷണത്തിൽ നിന്നു സമ്പാദിച്ച അറിവുകളുപയോഗിച്ച് മനുഷ്യനെ ദ്രോഹിക്കാനും അന്യോന്യം ആണവായുധങ്ങൾ പ്രയോഗിക്കാനും കഴിയും. ഭൂമിയുടെ പൊതുസ്വത്തായ അന്തരീക്ഷം, വായു, ജലം, സൂര്യൻ, ചന്ദ്രൻ മുതലായവ മലിനീകരിക്കാൻ പാടില്ല. പ്രപഞ്ചം ചുരുങ്ങുകയാണ്. ലോകത്തെവിടെയും എത്തിച്ചേരാനും അന്യോന്യം ആശയവിനിമയം നടത്താനും നിമിഷങ്ങൾ മാത്രം മതി. ലോകം മുഴുവൻ അയൽക്കാരാണ്; ലോക പൗരന്മാരായി വേണം നാം ജീവിക്കാൻ. ●

## ജോണച്ചന്റെ വേദവിപരീതിനിയായ മേഴ്സിപ്പശു *(പേജ് 7 തുടർച്ച)*

കൈക്കൊള്ളേണ്ടതാകുന്നു. വേദവിപരീതികളോടെതിർത്തു നിൽക്കുവാൻ ദൈവം നിങ്ങൾക്കു ശക്തി നൽകട്ടെ. ആകാശങ്ങളിലിരിക്കുന്ന ബാവാ.....' ഇത്യാദി.

കൽപ്പന ചർച്ച ചെയ്ത അടിയന്തര കമ്മിറ്റിയുടെ തീരുമാനപ്രകാരം ഞായറാഴ്ച വി. കുർബാനയ്ക്കു ശേഷം മൃഗത്തെ പള്ളിപ്പറമ്പിലിട്ടു വെട്ടിപ്പങ്കിടുവാനും ജോണച്ചനെക്കൊണ്ടു മാപ്പു പറയിക്കുവാനും തീരുമാനിച്ചു. ഞായറാഴ്ച പള്ളി ഗേറ്റിനു മുമ്പിൽ 'പശുയിറച്ചി വിൽക്കപ്പെടും' എന്നൊരു ബോർഡ് വച്ചു. കുർബാനയ്ക്കുശേഷം വിശ്വാസികളുടെ അകമ്പടിയോടെ ശേഷക്രിയയ്ക്കായി പശുവിനെ അറവുകാരൻ ഹൈദ്രോസിനു വിട്ടുകൊടുത്തു. ബലിമൃഗത്തെയും കൊണ്ട് ജനം മുമ്പോട്ടു നീങ്ങവേ, ഗോവധ നിരോധനസംഘം പ്രസിഡന്റും നാലാം വാർഡ് മെമ്പറുമായ ഗോവർദ്ധനപ്പിള്ളയും കുറെ നാട്ടുകാരും എസ്സൈമീരാനും നാലു പൊലീസുകാരുമായി 'കടന്നു' വന്നു. എസ്സൈ പറഞ്ഞു:- 'ഈ പശു ആറുമാസം ഗർഭിണിയാണ്. പരിസ്ഥിതിവകുപ്പുനിയമപ്രകാരം ഇതിനെ കൊല്ലുന്നത് നിയമവിരുദ്ധമാണ്. അതുകൊണ്ട് തൽക്കാലം കൊല്ലുവാൻ പറ്റില്ല. എല്ലാവരും ഉടനെ പിരിഞ്ഞുപോകണം. പശുവിനെ ഞങ്ങൾ കസ്റ്റഡിയിലെടുക്കുകയാണ്.'

'അപ്പോളിവൾ വേദവിപരീതിനി മാത്രമല്ല, ദുർന്നടപ്പുകാരി കൂടിയാണ്, അല്ലേ സാറേ? തിരിച്ചു നടക്കുന്നതിനിടയിൽ ഒന്നിരുത്തി മൂളിക്കൊണ്ട് ട്രസ്റ്റി പറഞ്ഞു.

*While visiting his aunt in the city, a seven-year-old boy attended the local Methodist Church with her. After she knelt at the altar and partook of the communion elements, namely the bread and the wine, the boy asked her: "Aunty, is that all we will have to eat up in Heaven?"*



# Spirituality of Good Governance

REV. DR. VALSON THAMPU

> *Commitment to the welfare of the poor, as Gandhiji has taught us, is spirituality in action. Renewing the spiritual foundations of governance in India has to begin with a retrieval of the Gandhian legacy that argues for the reintegration of spirituality and politics within a framework of social justice.*

King Solomon stands out among biblical kings as one who desired wisdom above long life, wealth and victory over enemies. The biblical account emphasizes that God, greatly pleased by this preference, granted Solomon all other gifts as well. The inference is that ***wisdom is the secret of good governance. Wisdom preserves the harmony between the interests of the ruling elite and the welfare of the people.*** Folly in goverance is the assumption that rulers can thrive at the expense of the people: the reason why 'anti-incumbency factor' plays such a major role in Indian democracy. It is surprising how facilely this is accepted as routine, and not addressed as a symptom of our political sickness. Solomon desired wisdom because he was keen to administer justice. He believed that the primary mandate of a king was to make justice available to his subjects, without fear or favour. In biblical thought, justice is presented as God's special concern and priority. God's justice is a function of his holiness. According to the Bhagavad Gita, Mahavishnu incarnates and destroys injustice whenever adharma engulfs and imperils the good. Injustice, especially to the poor and the powerless, pollutes the ruler and the land and provokes the wrath of God. A passionate commitment to justice is the sanctified essence of governance, on which must rest the popularity and authority of rulers.


This very insight is the quintessence of wisdom in the political philosophy of the Bible. Wisdom is the ability to see truth, unclouded by ulterior interests or selfish calculations. Justice can be recognized and done only in the light of truth. The vocation of the ruler and the welfare of the people converge on truth. The truth of governance, in other words, is that rulers who are committed to the welfare of the people will endear themselves to the people and endure in the seat of authority. Folly in governance is the cynical assumption that the people can be fooled forever, or even repeatedly. ***Spirituality and wholesome politics hold a core concern in common: the welfare of the people.*** The mandate in spirituality, according to Jesus Christ, is to ensure that all people enjoy 'fullness of life,' which is also the purpose of politics. Communalism, as against spirituality, presupposes an incongruity between the interests of the ruling elite and the welfare of the people and, hence, succumbs to the expediency of 'divide and rule', which is the same as 'divide and fall'. Given the spiritual kinship of humankind and our shared destiny, to fool others is also to fool oneself. Thus, while fools rise to power, their folly ensures that they do not stay in power. It is said that when God wants to punish a fool, he gives him power. It is enough to mention two familiar scriptural illustrations of this truth. Lord Krishna, in the Puranas, punishes an individual by making him enormously wealthy. The parable of the rich fool in the Gospel gains enormous wealth but loses his life on account of it.

What sort of wisdom should rulers desire? The wisdom of Machiavelli's Prince is wisdom to attain and retain power. But, in a spiritual sense, this is hardly wisdom. It is shrewdness, vitiated by cynicism about human nature and political culture. It abolishes the distinction between wisdom and expediency, driving a wedge between the interests of the rulers and those of the people. In due course, it reveals itself as self-destructive folly. Plato's philosopher-king, while being an improvement on his Machiavellian counterpart is still not an egalitarian instrument of justice. That is largely because his wisdom lacks spiritual depth. Spirituality is the only uniformly and universally egalitarian framework there. Contrary to popular belief, people's welfare is the central concern in spirituality. Religion tends to be God-centred; but spirituality is people-centred. That is because God is necessarily people-centred, not self-centred. In the Bible, God dies for the good of the humankind. ***According to Jesus, the life of any single human being-outcast, leper, prostitute, alien, orphan, widow, poor-is more precious than the whole world, which explains God's uncompromising commitment to justice.***

The good news from the Indian democratic scenario is that, after a period of banking on communal tricks and gimmicks, the political elite are now grudgingly coming to terms with the fact that there is no alternative to good governance. Till recently, several issues dominated Indian politics: communal sentiments, regionalism, terrorism, development, and so on. Today parties are left with only one issue as an assured vote-catcher: that of development. But this does not yet mean that our rulers are wise like Solomon. For Solomon, the primary goal was not self perpetuation in office, but the promotion of people's welfare. He did not desire wisdom to fortify his hold on the seat of power, which was already assured. He desired wisdom to be able to translate God's concern for justice into



# വൈദ്യശാസ്ത്രത്തിന്റെ ധാർമിക നീതി



ഡോ. ബി. ഇക്ബാൽ

ഭാരതത്തിനു സ്വാതന്ത്ര്യം ലഭിച്ച് അര നൂറ്റാണ്ടു പിന്നിട്ടിട്ടും ജനങ്ങളുടെ ആരോഗ്യപാലനകാര്യത്തിലും വിദ്യാഭ്യാസരംഗത്തും നാം ഇനിയും വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടുണ്ടോയെന്നു സംശയിക്കണം. സാങ്കേതികമായും ശാസ്ത്രീയമായും കുറെ നേട്ടങ്ങൾ നമുക്കു ചൂണ്ടിക്കാട്ടാൻ കഴിഞ്ഞേക്കാം. പക്ഷേ, വലിയൊരു ധാർമികത്തകർച്ച ഈ രംഗത്ത് ഇന്നു സംഭവിച്ചുകൊണ്ടിരിക്കയാണ്. ഈ ധാർമികശോഷണം നമ്മുടെ വൈദ്യശാസ്ത്ര-വിദ്യാഭ്യാസ പുരോഗതിയെ സാരമായി ബാധിക്കുന്നുണ്ട്. കേരളത്തെ സംബന്ധിച്ച്, വൈദ്യശാസ്ത്രമൂല്യങ്ങളിൽ സമീപകാലത്തു വന്നു ഭവിച്ച തകർച്ചകൾ വിലയിരുത്തുമ്പോൾ അതിനു നിരവധി കാരണങ്ങൾ ചൂണ്ടിക്കാണിക്കാം. ഇതിൽ വളരെ പ്രകടമായി കാണുന്നതു ഡോക്ടർ-രോഗി ബന്ധത്തിൽ വന്നിട്ടുള്ള അകൽച്ചയും തകർച്ചയുമാണ്. ഡോക്ടർമാരെ രോഗികൾ കൈയേറ്റം ചെയ്യുക, അതുപോലെ രോഗികളെ ഡോക്ടർമാർ കൈയേറ്റം ചെയ്യുക. ഇതൊക്കെ ഈ കൊച്ചു കേരളത്തിൽ നിത്യസംഭവമായിത്തീർന്നിരിക്കുന്നു.

ഏറ്റവും പരിപാവനമായിരിക്കേണ്ട ഒന്നാണു ഡോക്ടർ–രോഗി ബന്ധം. ഒരു ഡോക്ടറിൽ പൂർണമായും വിശ്വാസം അർപ്പിച്ചുകൊണ്ടാണു ചികിത്സ തേടി ഒരു രോഗി കടന്നുവരുന്നത്. രോഗാവസ്ഥയിൽ ദുർബലനായിരിക്കുന്ന സാഹചര്യത്തിലാണ് അയാൾ വരുന്നത്. പലചരക്കുകടയിൽ സാധനം വാങ്ങാൻ പോകുന്ന വിധത്തിലല്ല രോഗി ഡോക്ടറെ സമീപിക്കുന്നത്. ഡോക്ടറും രോഗിയും തമ്മിൽ വിജ്ഞാനത്തിന്റെ കാര്യത്തിൽ വലിയ അന്തരമുണ്ട്. രോഗിക്കാവശ്യമായത് എന്തെന്നു മനസ്സിലാക്കി അത് അയാൾക്കു നൽകുന്നതു ഡോക്ടറാണ്. ഉപഭോക്താവിന് ഇവിടെ തിരഞ്ഞെടുക്കാൻ അധികാരമില്ലെന്നു സാരം. ഉപഭോക്താവിനുവേണ്ടി തിരഞ്ഞെടുപ്പു നടത്തുന്നതു ഡോക്ടറാണ്.

ഈ പശ്ചാത്തലത്തിൽ പരസ്പരവിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ധാർമിക അടിസ്ഥാനത്തിന്റെയും തലത്തിൽ വേണം ഈ ബന്ധം നിലനിർത്താൻ. രോഗാവസ്ഥയിൽ ദുർബലനും, വിജ്ഞാനത്തിൽ പിന്നോക്കക്കാരനുമായ രോഗിയും ഡോക്ടറും തമ്മിലുള്ള വിശ്വാസ്യതയ്ക്കും ധാർമികതയ്ക്കുമിടയിൽ ചൂഷണത്തിനുള്ള സാദ്ധ്യതയുണ്ട്. അതുകൊണ്ടുതന്നെ ധാർമികനീതിയുടെ അടിസ്ഥാനത്തിൽ ഡോക്ടർ-രോഗി ബന്ധം നിർവചിക്കപ്പെടണമെന്നാണ് എല്ലാ സംസ്കാരത്തിലും ശാസ്ത്രശാഖകളിലും സൂചിപ്പിക്കുന്നത്.

ഡോക്ടർമാർ മരുന്നു കുറിക്കുമ്പോൾ കുറിപ്പിനു മുകളിൽ Rx എന്ന് എഴുതാറുണ്ട്. "കഴിക്കേണ്ടത്" എന്ന അർത്ഥത്തിലാണ് ഇതേപ്പറ്റി ഇന്നു പറഞ്ഞുകൊടുക്കുന്നതെങ്കിലും ഇതിന്റെ ആദ്യകാലത്തെ അർത്ഥം ഇങ്ങനെയായിരുന്നില്ല. ഹൊറെയ്സ് എന്നു പറയുന്ന ഗ്രീക്ക് ദേവന്റെ കണ്ണാണു കുറിപ്പടിയിൽ ഡോക്ടർമാർ വരച്ചിരുന്നത്. അതു ലോപിച്ച് Rx എന്നായിത്തീർന്നതാണത്രേ. ഗ്രീക്ക് ദേവന്റെ കണ്ണു മരുന്നിന്റെ കുറിപ്പിൽ വരച്ചിരുന്നതിനു പ്രത്യേക അർത്ഥമുണ്ടായിരുന്നു. ഡോക്ടർ ഒരു മരുന്നിന് കുറിക്കുമ്പോൾ അതു ദൈവം കാണുന്നുവെന്ന ഓർമയാണത്രേ അതു നൽകിയിരുന്നത്. ഈ വിധത്തിൽ ഡോക്ടറും ചികിത്സയും മരുന്നുകുറിക്കലുമെല്ലാം വളരെ പ്രധാനപ്പെട്ട കർത്തവ്യനിർവഹണത്തിന്റെ ഓർമയാണ് അനുസ്മരിപ്പിക്കുന്നത്.

ഈ വിധത്തിൽ, ധാർമികതയിലും നീതിയിലും ഉടലെടുത്ത ഡോക്ടർ–രോഗി ബന്ധവും വൈദ്യസേവനവും ഇന്ന് ഒട്ടനവധി കാരണങ്ങൾകൊണ്ടു മൂല്യത്തകർച്ചയിലാണ്. ആരോഗ്യസേവനം 'ആരോഗ്യവ്യവസായ'മായി മാറുന്ന കാഴ്ചയാണിന്നു കാണുക. പണ്ട്, ഒരു താത്പര്യത്തിന്റെയോ മൂല്യത്തിന്റെയോ ഒക്കെ പേരിലാണ് ഒരാൾ വൈദ്യവൃത്തി തിരഞ്ഞെടുത്തിരുന്നത്. 1970-കൾ ആയപ്പോഴേക്ക് ഈ ചിന്തയ്ക്കു മാറ്റം വന്നു. സമ്പത്തിന്റെയും മാന്യതയുടെയുമൊക്കെ ഭാഗമായി വൈദ്യവൃത്തിയെ വീക്ഷിക്കാൻ തുടങ്ങി. അപ്പോൾ മെഡിക്കൽ വിദ്യാർത്ഥികളുടെ തിരഞ്ഞെടുപ്പിലും മാറ്റം വന്നു. എൻട്രൻസും കോച്ചിംഗുമൊക്കെയായി സാമ്പത്തികമായി മുന്നിൽ നിൽക്കുന്നവർക്കു സാദ്ധ്യതകൾ കൂടുതലായി. ഇപ്പോൾ സ്വാശ്രയ മെഡിക്കൽ കോളജുകൾ കൂടി വന്നപ്പോൾ സമ്പത്ത് ഇതിൽ ഒരു അടിസ്ഥാനഘടകമായിത്തീർന്നു. ആ വിധത്തിൽ ലക്ഷങ്ങൾ മുടക്കി മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന ഒരാൾക്ക് എങ്ങനെ ധാർമികതയുടെയും നീതിയുടെയും അടിസ്ഥാനത്തിൽ ആരോഗ്യസേവനം ചെയ്യാനാകും? മെഡിക്കൽ വിദ്യാർത്ഥികളുടെ മനോഭാവത്തിൽ ഈ മാറ്റങ്ങൾ ഇന്നു ദൃശ്യമാണ്. ***ഇരുപത്തഞ്ചും അമ്പതും ലക്ഷങ്ങൾ മുടക്കി പഠിക്കുന്നവരോടു വൈദ്യശാസ്ത്രത്തിലെ ധാർമികനീതിയെക്കുറിച്ച് എന്തു പറയാൻ പറ്റും? മുടക്കിയ പണം തിരിച്ചെടുക്കാനാണു സാഹചര്യങ്ങൾ അവരെ നിർബന്ധിക്കുന്നത്. സമൂഹവും ഇന്ന് ആദരിക്കുന്നതു സാമ്പത്തികശേഷിയുള്ള ഡോക്ടർമാരെയാണ്.*** പണ്ട്, ആശുപത്രിയിലേക്ക് കാറില്ലാതെ നടന്നു ചെന്നു ചികിത്സ നടത്തിയിരുന്ന ഡോക്ടറെ ആദരിച്ചിട്ടുള്ള നഗരം ഇന്ന് ഏറ്റവും അധികം ഇൻകം ടാക്സ് കൊടുക്കുന്ന ഡോക്ടറെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന സാഹചര്യമാണു നാം കാണുന്നത്.

*(ശേഷം പേജ് 14)*

a lived reality for the people as a whole. Thank God, our political elite are now inching to the wholesome insight that they can no longer thrive through communal gimmicks. Perhaps it is not far-fetched to hope that this shift in perspective would herald, in course of time, the next burst of political wisdom in which commitment to justice catalyzes good governance to promote the welfare of all citizens.

Sadly, citizens below the poverty line in India today outnumber the total population of India at the time of our attaining Independence. What is even more worrisome is the fact that poverty has ceased to be a political issue since the advent of globalization. This is a glaring indictment of the culture of governance that prevails today. In a democracy where the majority of the people are poor, poverty has to be the most potent political issue. Commitment to the welfare of the poor, as Gandhiji has taught us, is spirituality in action. Renewing the spiritual foundations of governance in India has to begin with a retrieval of the Gandhian legacy that argues for the reintegration of spirituality and politics within a framework of social justice. ●

കേരളത്തിലെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെ അധികരിച്ചുള്ള

# പാർശ്വ ചിന്തകൾ



ഡോ. സി. ജെ. റോയ്

ദൈവം മനുഷ്യനെ സ്ത്രീയും പുരുഷനുമായാണ് സൃഷ്ടിച്ചത്. ആ നിലയ്ക്ക് ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ പോലെ തുല്യരാണവർ. പുരുഷന്റെ അടിമയല്ല സ്ത്രീ; സുഹൃത്തും സഹധർമ്മിണിയും, അവകാശങ്ങളും ചുമതലകളും തുല്യമായി വീതിച്ചെടുക്കുന്ന പങ്കാളിയുമാണ്.

## സ്ത്രീ : ഒരു വീണ്ടുവിചാരം

സമൂഹത്തിലേക്കു തുറക്കുന്ന ജാലകങ്ങളാണ് വാർത്താമാധ്യമങ്ങൾ. സാമൂഹിക ജീവിതത്തിന്റെ നല്ലതും ചീത്തയുമായ മുഖങ്ങൾ അവ വെളിപ്പെടുത്തിത്തരുന്നു. അതിഭീതിദമാണ് ദൈവത്തിന്റെ ഈ സ്വന്തം നാട്ടിൽ അങ്ങനെ നമുക്കു വെളിപ്പെടുത്തിക്കിട്ടുന്ന മുഖങ്ങൾ. അവയിലൊന്നാണ് സ്ത്രീകൾക്കു നേരെയുള്ള അതികക്രമങ്ങൾ. ഇവിടെ സ്ത്രീകൾ പാതിരാവിൽ മാത്രമല്ല, പകൽ വെളിച്ചത്തിലും വേട്ടയാടപ്പെടുന്നു. വേട്ടക്കാരിൽ സമൂഹത്തിലെ സമുന്നതരും ഉൾപ്പെടും. അതുകൊണ്ടാകാം സർക്കാരും സാംസ്കാരിക നായകരും നിശ്ശബ്ദത പാലിക്കുന്നത്. അതിക്രമങ്ങൾക്കു വിധേയരാകുന്നവരുടെ പ്രതിഷേധശബ്ദമാകട്ടെ ഏറെക്കാലത്തെ അടിച്ചമർത്തൽ മൂലം അതിലോലവും.

ഉദാത്തമായ സ്ത്രീപുരുഷസങ്കൽപ്പനങ്ങളുടെ പതനത്തിലേക്കു ശ്രദ്ധ ക്ഷണിക്കുന്ന ഒരു ലേഖനം അസീസിയിലുണ്ട്: ക്രിസ്തുവും സ്ത്രീകളും. സാഹിത്യ അക്കാഡമി അവാർഡു നേടിയ 'ആലാഹയുടെ പെൺമക്കൾ' എന്ന കൃതിയുടെ കർത്താവു പ്രൊഫ. സാറാ ജോസഫാണ് ലേഖിക. സ്ത്രീയുടെ ദുഃസ്ഥിതിയെ ചരിത്രത്തിൽ സംഭവിച്ച ഒരു ചതിയായി അവർ കാണുന്നു. ദൈവം മനുഷ്യനെ സ്ത്രീയും പുരുഷനുമായാണ് സൃഷ്ടിച്ചത്. ആ നിലയ്ക്ക് ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ പോലെ തുല്യരാണവർ. ഭൂമിയിൽ ആധിപത്യം നേടിയ പുരുഷവർഗ്ഗം സ്ത്രീയിൽനിന്ന് ഈ തുല്യത കവർന്നെടുത്തു. അതിനെതിരായി നീങ്ങിയവരുടെ മുൻനിരയിൽ ക്രിസ്തു ഉണ്ടായിരുന്നു. പുരുഷാധിപത്യത്തിന്റെ ചവിട്ടടിയിൽ കിടന്നു പിടഞ്ഞ സ്ത്രീകളോട് അത്യുദാരമായിരുന്നു ക്രിസ്തുവിന്റെ സമീപനം. പാപിനിയെന്നു മുദ്രകുത്തി കല്ലേറിനു വിധിക്കപ്പെട്ടവളെ മുന്നിൽ കണ്ടപ്പോൾ 'നിങ്ങളിൽ പാപം ചെയ്യാത്തവർ കല്ലെറിയട്ടെ' എന്ന കൽപ്പനയും, തന്നെ പിൻതുടരാൻ സ്ത്രീകൾക്കു നൽകിയ അനുവാദവും, തന്റെ പുനരുത്ഥാനം ശിഷ്യന്മാരെ അറിയിക്കുന്ന ദൗത്യം മഗ്ദലന മറിയത്തെ ഏല്പിച്ചതുമെല്ലാം അതിനു തെളിവ്. സ്ത്രീയില്ലാതെ ജീവിതമില്ലെന്നു ക്രിസ്തു തിരിച്ചറിഞ്ഞു. എന്നാൽ ഈ തിരിച്ചറിവ് ക്രിസ്തുവിന്റെ സഭയ്ക്കു നഷ്ടപ്പെട്ടിരിക്കുന്നു. അതു വീണ്ടെടുക്കുമ്പോൾ മാത്രമേ സ്ത്രീയുടെ ദുർഗ്ഗതി നീങ്ങൂ എന്നു ലേഖനം അനുസ്മരിപ്പിക്കുന്നു.

സ്ത്രീകളോടുള്ള അതിക്രമങ്ങളെ ദൈവശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ഫാ. ഡോ. കെ. എം. ജോർജ് അപഗ്രഥിക്കുന്നു (ചർച്ച് വീക്ക്‌ലി, ജനുവരി ലക്കം). അഗപ്പെ എന്നതുകൊണ്ട് അർത്ഥമാക്കുന്ന നിസ്വാർത്ഥമായ ദൈവികസ്നേഹമാണ് പ്രപഞ്ചത്തിലെ സമസ്ത സൃഷ്ടികൾക്കും നിദാനം. സൃഷ്ടികളിൽ സ്ത്രീക്ക് പ്രകൃതിയോട്, അഥവ ഭൂമിയോട് സവിശേഷ സാദൃശ്യമുണ്ട്. പുരുഷാധിപത്യസമൂഹം ആർത്തിയും ഔന്നത്യവും പൂണ്ട് പ്രകൃതിയെ കവർച്ച ചെയ്തു. സ്ത്രീയോടും അതേ മാർഗ്ഗം തന്നെയാണു കൈക്കൊണ്ടത്. സ്ത്രീയെ ഒരു അചേതനവസ്തുവായി കാണുകയും സ്വന്തം ശരീരത്തിലുള്ള ഉടമസ്ഥാവകാശം തന്നെയും അവൾക്കു നിഷേധിക്കുകയും ചെയ്തു. മറ്റെന്തിനെയും പോലെ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഒരു വസ്തുവായി സ്ത്രീ മാറി. പ്രകൃതിയിലെ പല വസ്തുക്കളെയും പോലെ മൃദുലവും ദുർബലവുമാണ് സ്ത്രീശരീരം. ജീവന്റെ ഉറവിടങ്ങൾ അങ്ങനെയായിരിക്കുകയും വേണം. അതിനെ ചൂഷണം ചെയ്യുന്ന നാഗരികത ജീവന്റെ നാശത്തിലായിരിക്കും കലാശിക്കുക.

സ്ത്രീത്വവുമായി ബന്ധപ്പെട്ട ഗുരുതരമായ ഒരു പ്രശ്നം പ്രൊഫ. മോനമ്മ കൊക്കാട് കുടുംബജ്യോതിസ്സിൽ അവതരിപ്പിക്കുന്നു. ആൺ-പെൺ അനുപാതത്തിൽ ജീവജാലങ്ങൾക്കുള്ള കൃത്യത മനുഷ്യവർഗ്ഗത്തിനു നഷ്ടപ്പെട്ടിരിക്കുന്നതാണു പ്രശ്നം. സ്ത്രീയെന്ന കാരണം കൊണ്ടു മാത്രം അമ്മയുടെ ഗർഭപാത്രത്തിൽ കൊല ചെയ്യപ്പെടുന്നവർ അനവധി. സ്ത്രീധനം പോലുള്ള സാമ്പത്തികഭാരങ്ങളാണ് മാതാപിതാക്കൾക്ക് അതിനുള്ള പ്രേരണ. സ്വന്തം വംശനാശത്തിനു വഴിതെളിക്കുന്ന ഈ സ്ഥിതിവിശേഷം എന്തുകൊണ്ടു നമ്മുടെ ചിന്തയ്ക്കു വിധേയമാകുന്നില്ലെന്നു ലേഖിക അത്ഭുതപ്പെടുന്നു.

സ്ത്രീസംബന്ധമായി ഒരു വീണ്ടുവിചാരത്തിന്റെ ആവശ്യകതയിലേക്കാണ് ഈ ലേഖനങ്ങൾ വിരൽ ചൂണ്ടുന്നത്. പ്രപഞ്ചത്തിലെ ഒരു സൃഷ്ടിയും മറ്റൊരു സൃഷ്ടിയ്ക്കൊപ്പമല്ല. സാദൃശ്യങ്ങളും സമാനതകളും ഉണ്ടായിരിക്കുമ്പോൾ തന്നെ ഓരോന്നിനുമുണ്ട് സ്വന്തം രൂപവും ഭാവവും. മനുഷ്യവർഗ്ഗവും അതിന് അപവാദമല്ല. സ്ത്രീ എത്ര ശ്രമിച്ചാലും പുരുഷാധിപത്യത്തിന്റെ വ്യവസ്ഥാപിത അവസ്ഥകളിലേക്കു കടന്നുകയറാനാവില്ല. സ്ത്രീയുടെ വിധേയത്വം പുരുഷനും അപ്രാപ്യമാണ്. ഭാര്യാഭർതൃബന്ധത്തെ തലയും ഉടലും തമ്മിലുള്ള ബന്ധമായി പൗലോസ് അപ്പോസ്തലൻ കണ്ടത് അതുകൊണ്ടാണ്. തലയിൽ നിന്നുള്ള നിർദ്ദേശങ്ങൾക്കനുസരണമായാണ് ഉടലിന്റെ പ്രവർത്തനം. തലയെ താങ്ങി നിർത്തുന്നതാകട്ടെ ഉടലാകുന്നു. പരസ്പരപൂരകമാണ് അവയുടെ ധർമ്മമെന്നർത്ഥം. അമ്മയെന്ന സ്ത്രീയും സഹോദരിയെന്ന സ്ത്രീയും സ്നേഹിതയെന്ന സ്ത്രീയും ഇല്ലായിരുന്നെങ്കിൽ ഗാഢനിദ്രയിൽ ജീവിതനിർവൃതി അന്വേഷിക്കുന്നവരിൽ താൻ ഉണ്ടാകുമായിരുന്നുവെന്നു പറഞ്ഞു, ഖലിൽ ജിബ്രാൻ. പുരുഷന്റെ അടിമയല്ല സ്ത്രീ; സുഹൃത്തും സഹധർമ്മിണിയും, അവകാശങ്ങളും ചുമതലകളും തുല്യമായി വീതിച്ചെടുക്കുന്ന പങ്കാളിയുമാണെന്ന് മഹാത്മാ ഗാന്ധി. ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാനമായി വേദപുസ്തകം കാണിച്ചുതരുന്നതും പരസ്പരബന്ധങ്ങളുടെ ശക്തീകരണമാണ്. സ്ത്രീയും പുരുഷനും ദൈവമക്കളാണെന്ന് അംഗീകരിക്കുകയും സ്നേഹശുശ്രൂഷകളിലൂടെ ആ ബന്ധം ദൃഢീകരിക്കുകയും ചെയ്യുന്നതും അതിൽ ഉൾപ്പെടും. അതു കൈവരിക്കാൻ ക്രൈസ്തവസഭയ്ക്കു മറ്റേതു സ്ഥാപനത്തെയുംകാൾ ഉത്തരവാദിത്തമുണ്ട്. ●

വീണ്ടും ഇവിടെ സ്വകാര്യമായി ചികിത്സിക്കുന്ന ഡോക്ടർമാരുണ്ടായിരുന്നു. ചികിത്സിക്കുന്നതിന്റെ ഭാഗമായി അവർ ഫീസും വാങ്ങിയിരുന്നു. **ഇന്നു രോഗികളിൽ നിന്നു വാങ്ങുന്ന ഫീസിനു പുറമേ അവർക്കായി നടത്തുന്ന ടെസ്റ്റുകളിൽ നിന്ന് ഓഹരി കൈപ്പറ്റുന്ന പ്രവണത കാണുന്നു. തലവേദനയുമായി വരുന്നവനു സ്കാനിംഗിനു കുറിച്ചുകൊടുത്ത് അതിൽനിന്ന് ഓഹരി വാങ്ങുന്ന ഡോക്ടർമാരുണ്ട്.** രോഗിയെ ചികിത്സിക്കാതെ തന്നെ ഇവർ പണം വാങ്ങുകയാണിവിടെ. ഈ ഓഹരി കൈപ്പറ്റൽ എല്ലായിടത്തും കാണാം. ഓപ്പറേഷനു റഫർ ചെയ്യുമ്പോഴും ടെസ്റ്റുകൾക്കു പറഞ്ഞുവിടുമ്പോഴുമൊക്കെ ഇതു ലഭിക്കുന്ന സാഹചര്യമുണ്ട്. അനാവശ്യമായ ടെസ്റ്റുകൾ കൊണ്ടുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളും സാമ്പത്തികഭാരവും രോഗിയെ കുറച്ചൊന്നുമല്ല അലട്ടുന്നത്. ഇത് ഒരു തരത്തിലും ന്യായീകരിക്കാനാവില്ല. അതേസമയം ഇതിനു സമാനമായി ഒരു സൂപ്പർസ്പെഷ്യാലിറ്റി സംസ്കാരം നമുക്കിടയിൽ വളർന്നു വ്യാപകമായിട്ടുണ്ട്. **നിസ്സാരരോഗങ്ങൾക്കുപോലും വിദഗ്ദ്ധ ഡോക്ടർമാരെ കാണാനും സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളിൽ പോകാനുമാണു ജനങ്ങൾക്കു താത്പര്യം. ചെലവു കൂടിയ ചികിത്സയാണു മികച്ചത് എന്നാണു മിക്കവരുടെയും ധാരണ. അതുപോലെ രോഗികൾതന്നെ സ്കാനിംഗും മറ്റു ടെസ്റ്റുകളും ഡോക്ടറോട് ആവശ്യപ്പെടുന്നു. അതൊന്നും ചെയ്യാത്ത ഡോക്ടർ വിവരമില്ലാത്തവനാക്കപ്പെടുന്നു.** പത്രങ്ങളിൽ വരുന്ന വാർത്തകളും പരസ്യങ്ങളുമെല്ലാം സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സകൾക്കു വിധേയരാകാൻ ഇടത്തരക്കാരെയും വളരെയധികം പ്രേരിപ്പിക്കുന്നുണ്ടെന്നുള്ളതാണു വാസ്തവം.

ഇതൊക്കെ നിയന്ത്രിക്കാൻ ഇവിടെ സർക്കാർ തലത്തിലോ മറ്റോ യാതൊരു നീക്കവും നടക്കുന്നില്ലെന്നതു ഖേദകരമാണ്. ബന്ധപ്പെട്ട അധികൃതർക്കു ധാർമികത നഷ്ടപ്പെട്ട അവസ്ഥ. സാർസ് എന്ന ഭീതിജന്യമായ രോഗംമൂലം ലോകവ്യാപകമായി മരിച്ചതിന്റെ പകുതിയോളം പേർ കേരളത്തിൽ ചെറിയ പനിമൂലം മരണപ്പെട്ടിട്ടും അധികാരികൾക്ക് അതിൽ വലിയ ആശങ്കകളില്ല. നിസ്സാരമായ രാഷ്ട്രീയ പ്രശ്നങ്ങളിലും അധികാരകാര്യങ്ങളിലും മാത്രമാണ് അവർക്കു താത്പര്യം. വൈദ്യശാസ്ത്രരംഗത്തു പ്രതിബദ്ധതയുള്ള വ്യക്തികൾ കടന്നുവന്ന് ഇത്തരം കാര്യങ്ങളിൽ ശ്രദ്ധയും താത്പര്യവും കൊടുത്തെങ്കിലേ ഈ രംഗം മികച്ചതാക്കാൻ കഴിയൂ. അത്ര എളുപ്പമാവില്ലെന്നും മനസ്സിലാക്കണം.

കേരളത്തെ സംബന്ധിച്ച് ഒരു ആരോഗ്യനയം നമുക്കില്ല. വ്യക്തമായ ഒരു വിദ്യാഭ്യാസനയവും നമുക്കില്ല. എല്ലായിടത്തും അരാജകത്വമാണു നിലനിൽക്കുന്നത്. ആരോഗ്യരംഗത്തെക്കാൾ ശോചനീയമാണു വിദ്യാഭ്യാസരംഗമെന്ന് എനിക്കു തോന്നുന്നു. ഉന്നത വിദ്യാഭ്യാസത്തിന്റെ തലത്തിൽ, ഇന്ത്യൻ ഭൂപടത്തിൽ കേരളത്തിന്റെ സ്ഥാനം അതിവേഗം തുടച്ചുമാറ്റപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ആരോഗ്യപാലനത്തെപ്പറ്റി പറയുമ്പോൾ പരിസ്ഥിതിസംരക്ഷണത്തെക്കുറിച്ചും ചിന്തിക്കേണ്ടതുണ്ട്. ഇക്കാര്യത്തിലൊക്കെ സർക്കാരിനെ മാത്രം പ്രതിക്കൂട്ടിൽ നിർത്തുന്നതു ശരിയല്ല. മലയാളികൾ വ്യക്തിശുചിത്വത്തിൽ വളരെ മുമ്പിലാണ്; അതേസമയം സാമൂഹിക ശുചിത്വത്തിന്റെ കാര്യത്തിൽ വളരെ പിന്നിലും. പ്ലാസ്റ്റിക്കും ചപ്പുചവറുകളും വീടുകളിൽനിന്നുള്ള മാലിന്യങ്ങളും റോഡിലേക്കു വലിച്ചെറിയുന്നവരാണധികവും. വിദ്യാസമ്പന്നർപോലും ഇതു ചെയ്യുന്നു. ഇതേപ്പറ്റി ബോധവത്കരണങ്ങൾ പലതും നടക്കുന്നുണ്ടെങ്കിലും അടിസ്ഥാനപരമായ അവബോധം ലഭിക്കുന്നില്ല. പണ്ട് സ്കൂളുകളിൽ നമ്മുടെ പാഠ്യപദ്ധതിയിൽ പൗരധർമ്മം (Civics) വിദ്യാർത്ഥികളെ പഠിപ്പിക്കുമായിരുന്നു. ഇന്ന് അതു പഠിപ്പിക്കുന്നില്ല. നമ്മുടെ പാഠ്യപദ്ധതിയിൽ അത്

കേരളത്തെ സംബന്ധിച്ച്
ഒരു ആരോഗ്യനയം നമുക്കില്ല.
വ്യക്തമായ ഒരു വിദ്യാഭ്യാസനയവും
നമുക്കില്ല. എല്ലായിടത്തും
അരാജകത്വമാണു നിലനിൽക്കുന്നത്.

ഉൾക്കൊള്ളിക്കണമെന്ന പക്ഷക്കാരനാണു ഞാൻ. പരിസ്ഥിതി പ്രസ്ഥാനങ്ങൾ ആദ്യമായി ആരംഭിക്കപ്പെട്ട പ്രദേശങ്ങളിലൊന്നാണു കേരളം. ഇന്നു പരിസ്ഥിതി സംരക്ഷണം അധഃപതിക്കുന്നതിന്റെ ഉദാഹരണമായി നമ്മുടെ സംസ്ഥാനം മാറിക്കൊണ്ടിരിക്കുന്നു.

**കേരളം ഇന്നു വളരെ വേഗത്തിൽ ഒരു കൺസ്യൂമർ സമൂഹമായിത്തീർന്നുകൊണ്ടിരിക്കുന്നു. അയൽക്കാരനെ അസൂയപ്പെടുത്താനുള്ള പരിശ്രമങ്ങളിലാണ് ഒരോരുത്തരും. കുട്ടികളുടെ സ്കൂൾ അഡ്മിഷൻ മുതൽ വീടുവയ്ക്കുന്നതുവരെ എല്ലാ മേഖലയിലും ഇതു ദർശിക്കാം.** നമ്മുടെ കഴിവും മികവും നഷ്ടപ്പെടുത്തി ഉപഭോഗസംസ്കാരത്തിലേക്കു പായുന്ന ഒരു സ്ഥിതിവിശേഷമാണ് ഇവിടെ കാണാൻ കഴിയുക. ആരോഗ്യരംഗത്ത് സർക്കാർ മേഖല വളരെ ശോചനീയാവസ്ഥയിലാണെന്നൊന്നും പറയാൻ പറ്റില്ല. സ്വകാര്യമേഖലയുമായി താരതമ്യം ചെയ്ത് സർക്കാർ മേഖല ഈ രംഗത്തു മോശമാണെന്നു പറയുന്നതു കേട്ടിട്ടുണ്ട്. പക്ഷേ, പല കാര്യത്തിലും സ്വകാര്യ മേഖലയേക്കാൾ ഭേദമാണ് സർക്കാർ മേഖല എന്നതാണു യാഥാർത്ഥ്യം. കോട്ടയം മെഡിക്കൽ കോളജിൽ ഞാൻ സേവനം ചെയ്ത ഘട്ടത്തിൽ എനിക്കിതു ബോദ്ധ്യപ്പെട്ടിട്ടുള്ള സംഗതിയാണ്. **പല സ്വകാര്യ ആശുപത്രിയേക്കാളും ഭേദപ്പെട്ട സർക്കാർ ആശുപത്രികളുണ്ട്. ഇന്നും ദുർബല-ദരിദ്രജനവിഭാഗങ്ങൾക്ക് ആശ്വാസം പകർന്നു നൽകുന്നതു സർക്കാർ മേഖലയിലെ ആരോഗ്യസേവനം തന്നെയാണ്.** പ്രതിബദ്ധതയുള്ള ഡോക്ടർമാർ താരതമ്യേന കൂടുതൽ പ്രവർത്തിക്കുന്നതും അവിടെയാണെന്നു കാണാം. ആരോഗ്യപാലനത്തിൽ, സ്വകാര്യമേഖലയിൽ എല്ലാം നന്നായി നടക്കുന്നുവെന്നു പറയുന്നത് പൂർണമായും ശരിയല്ല. മാത്രമല്ല, ഞാൻ നേരത്തെ സൂചിപ്പിച്ച ഓഹരി കൈപ്പറ്റലും മറ്റും കൂടുതൽ നടക്കുന്നത് അവിടെയാണു താനും.

സ്വകാര്യമേഖലയിൽ മറ്റൊരു വിഭജനം കൂടി കാണാൻ കഴിയും; വൻകിട സ്വകാര്യ ആശുപത്രികളും ഇടത്തരം ചെറുകിട ആശുപത്രികളും. നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ ഇടത്തരം ചെറുകിട ആശുപത്രികളാണുള്ളത്. പ്രാഥമികഘട്ടത്തിൽ രോഗം കണ്ടുപിടിക്കുകയും ഗുരുതരമായ ഘട്ടത്തിലേക്കു രോഗം നീങ്ങാതെ പ്രതിരോധിക്കുകയും ചികിത്സിക്കുകയും ചെയ്യുന്നതിൽ ഈ ആശുപത്രികൾ വലിയ പങ്ക് വഹിക്കുന്നുണ്ട്. പക്ഷേ, ഇത്തരം ആശുപത്രികൾ ഇന്നു തകർച്ചയുടെ വക്കിലാണ്. സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ അവയെ വിഴുങ്ങുന്നു. രോഗികൾക്കു മുന്നിൽ വലിയ ഇമേജ് തീർക്കുന്നത് ഈ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളാണ്. സ്വകാര്യ-സർക്കാർ എന്ന വിഭജനം മാറ്റി ചെറുകിട ഇടത്തരം സ്വകാര്യ ആശുപത്രികളും തമ്മിൽ ചേർന്ന് ഒരു ശൃംഖലയുണ്ടാകണമെന്നാണ് എന്റെ അഭിപ്രായം. അതിന്റെയടിസ്ഥാനത്തിൽ ഒരു കുടുംബഡോക്ടർ എന്ന സങ്കല്പത്തിലേക്കും ആരോഗ്യാവബോധത്തിലേക്കും നമ്മുടെ സാധാരണ ജനങ്ങളെ കൊണ്ടുചെല്ലാൻ കഴിയണം.

ആശുപത്രികളെക്കുറിച്ചും ആരോഗ്യപാലനത്തെ സംബന്ധിച്ചും സൂചിപ്പിക്കുമ്പോൾ അവസാനമായി ഒരു കാര്യം കൂടി. ഈ രംഗത്ത് ഇന്നു വളരെ സജീവമായി പ്രവർത്തിക്കുന്നതിൽ ക്രിസ്തീയസഭ പ്രശംസയർഹിക്കുന്നു. പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന നിരവധി ക്രൈസ്തവ ഹോസ്പിറ്റലുകളുണ്ട്. പക്ഷേ, ക്രിസ്തീയ ചൈതന്യത്തിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർ എത്രയുണ്ടാകും? യാദൃച്ഛികമാണെങ്കിൽക്കൂടിയും ഒരു രോഗിയെ ആദ്യമായി കൈയേറ്റം ചെയ്ത ഡോക്ടർ ക്രിസ്ത്യാനിയായിരുന്നു. അതു വേദനാജനകമാണ്. ക്രിസ്ത്യാനികളായ ഡോക്ടർമാരെ യഥാർത്ഥ ക്രൈസ്തവചൈതന്യത്തിൽ നിലനിർത്താൻ സഭ ശ്രമിക്കേണ്ടിയിരിക്കുന്നു. ●



# കരുണയുടെ മഹത്വം



ജോർജ് ബഹനാൻ ടി. (കൗൺസലർ & തെറാപ്പിസ്റ്റ്)

നോർത്ത് വെർജീനിയയിൽ തണുപ്പുകാലം. ഒരു പുഴ കടന്ന് അക്കരെ വീട്ടിലെത്താനായി പ്രായമുള്ള ഒരാൾ കാത്തുനിൽക്കുന്നു, തണുപ്പുകൊണ്ട് വിറങ്ങലിച്ച ശരീരവുമായി. പെട്ടെന്ന് പുഴ കടക്കാൻ വരുന്ന കുതിരകളുടെ കുളമ്പടി ശബ്ദം കേട്ടു. ആദ്യമാദ്യം വന്നവരെ അയാൾ നോക്കിയില്ല. അവസാനം വന്നയാളെ കണ്ടപ്പോൾ അയാൾ കൈ കാണിച്ചു. 'സർ, ദയ ചെയ്ത് എന്നെ അക്കരയ്ക്കു വിടണം. നടന്ന് പുഴ കടക്കാൻ വിഷമമാണ്.' കുതിരക്കാരൻ വൃദ്ധനെ കുതിരപ്പുറത്തു കയറ്റി പുഴ കടത്തിയെന്നു മാത്രമല്ല, വീട്ടിലെത്തിക്കുകയും ചെയ്തു. വീട്ടിലെത്തിയപ്പോൾ കുതിരക്കാരൻ ചോദിച്ചു: മുൻപേ വന്ന കുതിരക്കാരെ എന്തുകൊണ്ടാണ് കൈ കാണിച്ചു നിർത്താതിരുന്നത്?. വൃദ്ധൻ പറഞ്ഞു: അവരുടെ കണ്ണുകളിൽ കാണാഞ്ഞ കരുണ നിങ്ങളുടെ കണ്ണുകളിൽ ഞാൻ കണ്ടു. അതുകൊണ്ടാണ് കൈ കാണിച്ചു നിങ്ങളെ നിർത്തിയത്. ഈ നല്ല വാക്കുകൾ കേട്ട് കുതിരക്കാരൻ പറഞ്ഞു: ഞാനൊരിക്കലും അന്യരുടെ ആവശ്യത്തിൽ കരുണ കാണിക്കാതിരിക്കില്ല. അതു പറഞ്ഞിട്ട് കുതിരക്കാരൻ നേരെ വൈറ്റ് ഹൗസിലേക്ക് ഓടിച്ചു പോയി. ഇദ്ദേഹമാണ് അമേരിക്കയുടെ മഹാനായ തോമസ് ജഫേഴ്സൺ. മനസ്സിന്റെ ഏറ്റവും വലിയ നന്മയാണ് കരുണ. കരുണ വർദ്ധിക്കുംതോറും മഹത്വവും വർദ്ധിച്ചുകൊണ്ടിരിക്കും.

ഒരു ചിന്തകൻ പറയുന്നു: ***കരുണയുടെ ഭാഷ ബധിരന് കേൾക്കാൻ പറ്റും, മൂകന് മനസ്സിലാകും. കരുണയുടെ അന്യാദൃശ്യ ശക്തിയാണ് ഈ ലോകത്തിന്റെ ഏറ്റവും വലിയ സ്വത്ത്.*** കരുണ ഹൃദയങ്ങളെ ശാന്തമാക്കുന്നു. കരുണ കാണിക്കുന്നവരും, കരുണ ലഭിക്കുന്നവരും സൗഖ്യമാക്കപ്പെടുന്നു. ഇതാണ് കരുണയുടെ മനഃശാസ്ത്ര സത്യം. കരുണ കാണിക്കുന്നവരുടെ മനസ്സും ആത്മാവും ശക്തിപ്പെടുന്നു. ഈ ശക്തി ഒരു പകർച്ചവ്യാധി പോലെ പടരുന്നു! കരുണ നിറഞ്ഞ ഒരു വാക്കിന് മൂന്ന് ശൈത്യമാസങ്ങളെ ചൂടാക്കാൻ കഴിയുമെന്നാണ് ജപ്പാനിലെ ഒരു പഴഞ്ചൊല്ല്. നിരന്തരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു ശക്തിയാണ് കരുണ. മനസ്സിന്റെയും ആത്മാവിന്റെയും അതുല്യമായ ഈ ശക്തി വ്യക്തികളെയും കാലഘട്ടങ്ങളെയും സൃഷ്ടിച്ചിട്ടുണ്ട്. സെയ്ന്റ് അഗസ്റ്റിൻ ക്രിസ്തീയ ചരിത്രത്തിലെ ഏറ്റവും വലിയ വ്യക്തികളിലൊരാളാണ്. ബിഷപ്പ് അംബ്രോസാണ് നികൃഷ്ടനായ ഒരു വ്യക്തിയെ സെയിന്റ് അഗസ്റ്റിനാക്കിയത്. അദ്ദേഹം പറയുന്നതു കേൾക്കൂ: എന്റെ ഈ മാറ്റത്തിന്റെ കാരണം ബിഷപ്പ് അംബ്രോസിന്റെ വാചാലതയോ തത്വചിന്തയോ അല്ല. അദ്ദേഹത്തിന്റെ കരുണയാണ് എന്നെ മാനസാന്തരപ്പെടുത്തിയത്.

കരുണ അപ്രത്യക്ഷമാകുമ്പോൾ മനുഷ്യൻ മനുഷ്യനല്ലാതായി തീരും. നീറോ ചക്രവർത്തിയെയും സദ്ദാം ഹുസൈനെയും പോലുള്ളവരെ മനഃശാസ്ത്ര പഠനത്തിനു വിധേയരാക്കിയാൽ അവരെ അധമൻമാരാക്കിയത് കരുണയുടെ അഭാവമായിരുന്നുവെന്ന് വ്യക്തമാകും. ഇവരൊക്കെ അധികാരവും ശക്തിയും ബുദ്ധിയുമുള്ളവരാണ്. ധാരാളം അറിവും നേതൃപാടവവുമുണ്ട്. കരുണ ഇല്ലാതായതുകൊണ്ടു മാത്രം അവർ ദുഷ്ടരായി. കരുണയില്ലാത്ത അദ്ധ്യാപകനെയും വൈദികനെയും ബിഷപ്പിനെയും ഡോക്ടറെയുമൊക്കെ ദുഷ്ടനെന്ന് ഉറക്കെ വിളിക്കാം. **മഹത്വത്തിന്റെ ചിഹ്നം കരുണയാണ്. കരുണയുള്ള വാക്കുകൾക്ക് മറ്റുള്ളവരുടെ മാനസികാവസ്ഥ മാറ്റാൻ സാധിക്കും. മനസ്സിലെ മുറിവുകളെ ഉണക്കാനും, ക്ഷമിക്കാനുമുള്ള ശക്തി കിട്ടും. ബന്ധങ്ങൾ വളരും. കുടുംബങ്ങൾ തമ്മിൽ അടുക്കും.** കരുണ ചലനാത്മകശക്തിയാണ്. സമയത്തെയും കാലത്തെയും അതിജീവിക്കുന്ന കാരുണ്യത്തിൽ മനുഷ്യബന്ധങ്ങൾക്ക് പുതിയ മാനം നൽകാൻ സാധിക്കും.

എന്റെ അമ്മ എന്നോടു പല പ്രാവശ്യം പറഞ്ഞ ഒരു ഹീബ്രു ഐതിഹ്യകഥ കുറിക്കട്ടെ! രണ്ടു സഹോദരന്മാർ അടുത്തടുത്ത് താമസിക്കുന്നു. ഒരാൾക്ക് ഒരു വലിയ കുടുംബമുണ്ട്. മറ്റെയാൾ തനിയെ താമസിക്കുന്നു. ഒരു ദിവസം മൂത്തയാൾ ചിന്തിച്ചു: എന്റെ അനുജൻ തനിയെ താമസിക്കുന്നു. ഭാര്യയില്ല, മക്കളില്ല; അവനൊരു സന്തോഷവുമില്ല. അതുകൊണ്ട് എന്റെ വയലിലെ കുറെ കറ്റകൾ ഞാൻ രാത്രിയിൽ അവന്റെ വയലിൽ കൊണ്ടുചെന്ന് വയ്ക്കും. അപ്പോൾ അനുജൻ വിചാരിച്ചു: ചേട്ടന് വലിയൊരു കുടുംബമുണ്ട്, സാമ്പത്തിക ഭാരവുമുണ്ട്. അതുകൊണ്ട് എന്റെ വയലിലെ കുറെ കറ്റകൾ ചേട്ടന്റെ വയലിൽ കൊണ്ടുവയ്ക്കും. അങ്ങനെ അവർ ഒരു രാത്രി കറ്റകളുമായി വീടിന്റെ അതിർത്തിയിൽ കണ്ടുമുട്ടി. അവർ അന്യോന്യം ആലിംഗനം ചെയ്തു. ഈ സ്ഥലത്താണ് വർഷങ്ങൾക്കുശേഷം യെരുശലേം ദേവാലയം പണിതത്. പള്ളിയുടെ അതിവിശുദ്ധസ്ഥലം ഈ സഹോദരൻമാർ ആലിംഗനം ചെയ്ത അതേ സ്ഥലത്തും!

കാരുണ്യം ക്രിയാത്മകമാണ്. അത് ബന്ധങ്ങൾ സൃഷ്ടിക്കുന്നു. അതിനെ മഹത്തരമാക്കുന്നു. ഒരു കുടുംബത്തിന്റെ ആരോഗ്യം തുടങ്ങുന്നതും നിലനിൽക്കുന്നതും കരുണയിലാണ്. അച്ഛനും അമ്മയും കാണിച്ചു കൊടുക്കുന്ന കാരുണ്യ പ്രവർത്തനങ്ങൾ മക്കളിൽ കാരുണ്യം സൃഷ്ടിക്കും. അതവർ തലമുറകളിലേക്കു പകർന്നു കൊടുക്കും. കരുണയുള്ളിടത്ത് പിശുക്ക് കാണുകയില്ല. കൊടുത്തു തീർക്കാൻ പറ്റാത്ത ഒന്നേയുള്ളൂ. അത് കരുണയാണ്. ഒരിക്കലും വറ്റാത്ത നീരുറവ അതിനുണ്ട്. കൽക്കട്ടയിലെ തെരുവുകളിൽ മദർ തെരേസ കാണിച്ച കാരുണ്യം ലോകമാകെ പടർന്നു പന്തലിച്ചില്ലേ? അതിരുകളില്ലാത്ത ശക്തിയാണ് കരുണ. ഭാഷയ്ക്കും വർഗ്ഗത്തിനും നിറത്തിനും ഉപരിയായി എവിടെയും കരുണ പ്രവർത്തിക്കുന്നു.

അമേരിക്ക വിയറ്റ്നാമിൽ യുദ്ധം ചെയ്ത കാലം. ഒരമേരിക്കൻ ഭടൻ ഒരു

# സ്ത്രീധനമെന്ന തിന്മ

ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമാ മെത്രാപ്പോലീത്ത



വിയറ്റ്നാം തടവുകാരനെ പിടികൂടി വെടി വയ്ക്കാൻ തുടങ്ങിയപ്പോൾ തടവുകാരൻ മുട്ടുകുത്തി നിന്ന് രക്ഷിക്കണമെന്നു പറഞ്ഞു. നിനക്കെത്ര വയസ്സുണ്ട്? അമേരിക്കൻ പടയാളി ഒരു ദ്വിഭാഷിയുടെ സഹായത്തോടെ ചോദിച്ചു. പത്തൊൻപത്, തടവുകാരൻ പറഞ്ഞു. എനിക്കും പത്തൊൻപതു വയസ്സായി, പടയാളി പറഞ്ഞു. നീ എന്തു ചെയ്യുന്നു?, പടയാളി ചോദിച്ചു. ഞാനൊരു വിദ്യാർത്ഥിയാണ്, തടവുകാരൻ പറഞ്ഞു. ഞാനും വിദ്യാർത്ഥിയാണ്, പടയാളി പറഞ്ഞു. നിന്റെ കുടുംബം എവിടെ?, പടയാളി ചോദിച്ചു. അവരെന്നെ കാത്തിരിക്കുന്നു, തടവുകാരൻ പറഞ്ഞു. എന്നെയും കാത്തിരിക്കുന്ന ഒരു കുടുംബം അമേരിക്കയിലുണ്ട്, പടയാളി പറഞ്ഞു. ഇതു പറഞ്ഞിട്ട് ബാഗിൽ നിന്ന് ഒരു ടിൻ ഭക്ഷണം എടുത്ത് തടവുകാരനു കൊടുത്തു. അയാൾ അമേരിക്കൻ പടയാളിയുടെ മുൻപിൽ തല കുനിച്ച് നന്ദി പറഞ്ഞ ശേഷം അപ്രത്യക്ഷനായി. ഈ അമേരിക്കൻ പടയാളി പിന്നെ ഒരിക്കലും ആരെയും വെടിവച്ചിട്ടില്ല. എന്നും തോക്ക് താഴെ തൂക്കിയിട്ടാണു നടന്നിട്ടുള്ളത്. യുദ്ധമുന്നണിയിൽ കരുണ കരകവിഞ്ഞൊഴുകിയ ഈ സംഭവം അമേരിക്കൻ പട്ടാളക്കാരൻ ഒരു ധ്യാനസമയത്ത് വെളിപ്പെടുത്തിയതാണ്.

കൊടുംക്രൂരതകളുടെ ഇടയിലല്ലേ നമ്മളിന്ന്. ആശുപത്രികളിലും പൊതുസ്ഥാപനങ്ങളിലും സഭകളിലും കരുണയില്ലാത്ത എന്തുമാത്രം സംഭവങ്ങൾ നടക്കുന്നു. കരുണയില്ലാത്ത അവസ്ഥ നമ്മുടെ ആത്മാവിനെയും മനസ്സിനെയും ബാധിക്കുന്നു ഷേക്സ്പിയർ പറഞ്ഞ "Milk of human kindness" നമ്മുടെ സമൂഹത്തിൽ കിട്ടാനില്ല. അദ്ധ്യാപകരെ പീഡിപ്പിക്കുന്ന ഹെഡ്മാസ്റ്റർമാർ, രോഗികളെ പീഡിപ്പിക്കുന്ന ഡോക്ടർമാർ, തൊഴിലാളികളെ പീഡിപ്പിക്കുന്ന മുതലാളിമാർ-ഇവരല്ലേ നമ്മുടെ സമൂഹത്തിലുള്ളത്. മാനസിക വരൾച്ചയുടെ ലക്ഷണമാണിത്. കാരുണ്യം കാണിക്കുക. നിങ്ങൾക്കു ശാന്തിയും സന്തോഷവും ഉറപ്പ്. അപ്പോൾ നിങ്ങളുടെ മനസ്സും ആത്മാവും വളരും. കരുണയുള്ളവർ ഭാഗ്യവാൻമാരാണെന്നു കർത്താവു പറഞ്ഞത് വലിയൊരർത്ഥത്തിലാണ്. ഇതിലുപരി എന്താണു മനുഷ്യന് ആവശ്യം? ●


## Children-you adore them, you admire them

***In today's fast paced life style, only a few find time to spot the talents in them and share their aspirations.***

***The future belongs to the children. Come, let us join hands to conserve the environment for their sake.***



# *In the midst of* FLORA AND FAUNA

Rev. Dr. M. J. JOSEPH

Spirituality for the humans is bound up with all forms of life which is the gift of God. "To see a world in a grain of sand, and a heaven in a wild flower, and infinity in the colours of the rainbow and to experience the throbbing of eternity in an hour" requires cosmic vision which embraces the totality of existence.


"Life' is the active principle of the existence of humans, animals and plants. no one has to invent life: the blossoming of a flower does not belong to the sphere of technology; it brings forth by itself. The mystery of life is far deeper than we might expect. As steward of God's creation, the responsibility of the human is to preserve and to promote life in accordance with its physical, moral and spiritual laws. One has to draw lessons from Nature in order to maintain the rhythm of life.

In all situations, **affirmation of life is the primary task of the humans.** For this, Nature provides the necessary clues. The flora and fauna speak to us in their own way. Reading of life from Nature also involves a ministry of listening to "**the creation**". Flora and Fauna are in birth pangs! They are groaning because of chemical weapons, atomic power plants, deforestation, industrial pollution, etc. The groaning is meant to create right relationship in God's order of creation, and to bring wholeness-Yobel vision-in all human and non-human beings. The One Spirit of God, which is active everywhere, initiates and supports the search of creation and humanity for the realization of harmony, justice, freedom and love. This is meant to create a family of God on earth. As co-workers with God, the humans should work with God in reversing the suffering and decay of creation so as to restore it to its wholeness.

Recognition of God's providence in Nature is an ingredient of faith affirmation. Jesus's teaching on food and clothing (Matt. 6:25-30) is a direct reference to the caring nature of God. The reference to 'bread' in the Lord's prayer also speaks of God's benevolent nature as it is God who provides favourable weather and plentiful harvest. Every kind of harvest is a gift of God. This is affirmed in Matt. 5:45 where we read, "For he makes his Sun rise on the evil and the good, and send rains on the just and the unjust". The nature language used in the gospels to describe the mystery of the Kingdom is indeed an affirmation of life.

Bio-diversity is indeed a string that unites the human and the non-human in the order of creation. "The fluttering of a butterfly in the Amazon region has an effect on the weather in the Himalayas. "Everything on earth is inter-connected. Everyone of us is part of the continent, a part of the mainland; Not one of us, an island".

Living in the midst of biodiversity is a challenge to get back to the roots of a common heritage. The Earth Summit held in 1992 has created ripples in our understanding of bio-diversity which comprises all the species on the earth. The humankind has to live with a concern for the realization of the social goals and perceptions of biological diversity which include conservation of bio-diversity and the sustainable utilization of its components. **As bio-diversity has a past and a present, we should ensure that it has a future. A species which becomes extinct is lost for ever and cannot be reproduced in a laboratory.**




If the environment does not change, the species do not change. According to statistical data, the total number of species living in tropical areas may exceed 30 millions. There are 12 mega diversity nations in the world, including India. There are "hot spots" in each region. (The term "hot spot" means danger of extinction as a result of various human diversities). A perspective of bio-diversity is essential for checking global warming, acid rain and related environmental problems. To conceive that we are part of the whole is the first step towards harmony. Gandhiji is right when he pleads for a common goal for the people if India. "Let all of us Hindus, Mussalmans, Parsis, Sikhs and Christians live amicably as **Indians.** The order of creation poses a challenge to hold a cosmic vision which unites the people of all nations.

God's providential care for the human and all other living creatures is shown in many ways. The ozone protection as given in the Ozone layer is really wonderful. Ozone in the stratosphere forms a unique shield protecting the earth from harmful u-v radiation. The scientists have warned us that puncturing holes into this belt could jeopardise the very existence of life on earth. The checks and balance given in the order of creation are meant to be obeyed for the preservation of life. The never ending work of Nature in disposing the waste materials through photosynthesis is indeed a miracle. The waste material of one be-

comes the food of the other! This means that any form of alienation from Nature is indeed an alienation from life. The human has to maintain the existence of flora and fauna in equilibrium and should have the wisdom to obey the laws of Nature. Nature's ability to purify what is unclean is indeed a lesson for the human to follow in social relationships. Once Nature loses its ability to act as an agent of restoration, it is impossible to repair the damage. The imagery of a garden in the Bible is a symbol of life in relationship where God and the human could walk together. There are eco-theologians who argue that a notion of stewardship in the book of Genesis is anthropocentric and it is an inadequate model for the preservation of the Mother earth! Stewardship is meant for the good of humanity. Exploitation of the resources of Nature must take place according to the criteria that take into account not only the immediate needs of the people but also the needs of the future generations.

There are some pessimists who raise the question of the very existence of some plants which are poisonous. The flower powder which makes people mad is extracted from poppy. One may be able to list out quite a few plants and their derivatives which are harmful to human beings. But remember that the scientists have not yet unearthed the usefulness of the very poisonous substance they talk about. Some of these poisonous substances are medicines if taken in right dose. Who can dispute the fact that the antidote for snakebite is treated with snake venom! Recently it was reported that a new drug derived from the venom of a snail offers hope to cancer patients, who have stopped responding to the conventional painkillers. In God's order of creation what is known is only a fragment of what is given.

In all the cultures of the world, particularly in Asia, there are quite a few sayings which are communicated through images or symbols taken from real life. A few examples are cited to show that life is best communicated in proverbial sayings with imageries drawn from Nature. The Chinese proverb, **"all rivers run into the sea, yet the sea is not full"** speaks of the destiny of life. The receptivity of the sea is a symbol of generosity. The message of the Tamil harvest festival **Pongal,** rings in our ears through a proverbial saying, **Pongalo Pongal** (Let your bounty overflow). A life of gratitude is dearer to the Supreme when the Chinese proverb reminds us of **"when you drink water, don't forget the digger."** The same message is carried when the Chinese say that the dried leaves which fall from a tree will eventually become manure for the same tree. What one enjoys today is also the sweat of others' labour! The Swedish saying, **"The butterfly often forgets that it was a caterpillar"** reminds us of being humble in the midst of the present glory. One has to hang on and to entertain hope in times of adversity-which is conveyed very effectively in the Irish proverb, **"However great the tide, it ebbs".** The oft-quoted saying, **"Every cloud has a silver lining"** too carries the above message. Life is measured in terms of our attitude to the least, the lost and the last. This is best depicted in the Chinese proverb, **'However high the tree, the shortest axe can reach the trunk".** The African proverb, **"Clouds do not always denote rain, but smoke is always a sign of fire",** is a reference to the paradoxical situations in life. The same is reinforced if we say that a drop of water wets the **surface of the paper, but not the surface of a lotus leaf.** The Japanese proverb, **"To an ant, a few drops of rain is a flood",** indicates that even a small distress can make some miserable. The Upanishadic chant, **"Tamaso ma Jyotir gama"** is a true portrayal of the quest of the human soul in the nature language. A sense of truth or beauty that is being portrayed in a proverbial saying has a universal appeal. The clasping of the clouds becomes a rejuvenating experience not only for the avantgrade but for all, irrespective of caste or creed. Nature always carries this message. The words of wisdom spoken in silence will be the only panacea for restoring tranquility in human life.

***(The author is the Director of the Ecumenical Christian Centre, Whitefield, Bangalore.)***

## കഥയില്ലാത്ത അൽപം ചില്ലറക്കാര്യങ്ങൾ

[illegible]

ഉൾപ്പെടെയുള്ള പ്രസിദ്ധീകരണങ്ങളെല്ലാം അദ്ദേഹത്തിന്റെ എഡിറ്റിങ്ങിനുശേഷമാണ് പുറത്തിറങ്ങിയിരുന്നത്. ജനീവയിലുള്ള അദ്ദേഹത്തിന്റെ ഓഫീസിൽ ചെന്നപ്പോൾ ഡബ്ളിയു.സി.സി. ജനറൽ സെക്രട്ടറിയായിരുന്ന എമിലിയോ കാസ്ട്രോയുടെ ഒരു പുസ്തകം അദ്ദേഹം എഡിറ്റു ചെയ്തുകൊണ്ടിരിക്കയാണ്. രണ്ടുമൂന്നു പേജുകൾ ഞാൻ എടുത്തുനോക്കി. കയ്യെഴുത്തു പ്രതിയുടെ തൊങ്ങലുകളൊന്നും മാറ്റി, ആശയങ്ങൾക്ക് അൽപ്പംപോലും മാറ്റം വരുത്താതെ, ലളിതസുന്ദരവും ഉജ്ജ്വലവുമായ ഭാഷയിൽ അദ്ദേഹം തിരുത്തിയെഴുതിയിരിക്കുന്നു! പല പ്രശസ്ത വ്യക്തികളുടെയും പുസ്തകങ്ങൾ അദ്ദേഹത്തിന്റെ മുദ്രയിലൂടെ കടന്നുവന്നവയാണെന്നോർക്കണം.

ടി. കെ. അവസാനകാലം ചെലവഴിച്ചതു ബാംഗ്ലൂരിലായിരുന്നു. ഗുരുവിനെത്തേടി ആണ്ടിലൊരിക്കലെങ്കിലും ഞാൻ അവിടെ ചെല്ലുമായിരുന്നു. ഒരു സുഹൃത്തും സഹപാഠിയുമെന്ന നിലയിൽ മിസ്സിസ്സ് ടി. കെ. ഊഷ്മള സ്വീകരണമാണ് എനിക്കു നൽകിയിട്ടുള്ളത്. ടി.കെ.യെപ്പറ്റി An Ecumenical Wordsmith എന്നൊരു ഗ്രന്ഥമുണ്ട്. അദ്ദേഹത്തിന്റെ ചില ലേഖനങ്ങളും ജീവിതകഥയും ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം എക്യുമെനിക്കൽ പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവർ വായിച്ചിരിക്കേണ്ടതാണ്. 2001 ഓഗസ്റ്റ് 25-ന് ഗുരു ലോകത്തോടു യാത്ര പറഞ്ഞു. പക്ഷേ ഗുരു മരിക്കുന്നില്ല, ഒരിക്കലും.

## Summing Up

An astronomer was chatting with a priest. "You have an easy job, Rev. Father. I have read widely in religion and I can sum up all religions in a single phrase :

*Do unto others as you would have them do unto you."*

'You may be right', replied the priest. 'I have read widely in astronomy and I can sum up astronomy too in one phrase.'

"Is that so," said the astronomer condescendingly. "And may I ask what is that phrase?"

*'Twinkle, twinkle, little star, how I wonder what you are.'*

# മാനവീയത മറന്ന മതങ്ങൾ

ഗുരു നിത്യചൈതന്യ യതി

**ആയത്തുള്ളമാരും ഗോഡ്സേമാരും**

മതേതരത്വം അസാദ്ധ്യമാക്കുന്ന ആയത്തുള്ളമാരും (മതത്തിനു വേണ്ടി മാത്രം ജീവിക്കുന്നവർ) മതത്തിനു വേണ്ടി കൊല്ലുകയും മരിക്കുകയും ചെയ്യുന്ന നഥുറാം ഗോഡ്സേമാരും എന്നും മാനവികതയുടെ ശത്രുക്കളായിരിക്കും. അവർ പൊതു മനസ്സാക്ഷിയുടെ വക്താക്കളായി രംഗപ്രവേശം ചെയ്യുമ്പോൾ മതം രാഷ്ട്രീയതയുടെ ഇരുമ്പു ചട്ടയും പടവാളും അണിഞ്ഞു മുമ്പോട്ടുവരും. അവരുടെ മനുഷ്യദ്രോഹപരമായ സംഹാരശക്തിക്ക് അപ്പോൾ ഏറ്റവും അധികം പിൻതുണ നൽകുന്നത് ഒന്നിലും അഭിപ്രായം രൂപീകരിച്ചിട്ടില്ലാത്ത ഭീരുക്കളുടെ ഭൂരിപക്ഷമാണ്. ദൈനംദിന ജീവിതത്തിൽ അവർ മതാഭിമാനമുള്ളവരോ അല്ല. എന്നാലും മതരാഷ്ട്രീയത്തിൽ അവർ മൂകസാക്ഷികളായി അൽപ്പമാത്രമായ വിശ്വാസം ഉള്ളവരോടു പോലും ചേർന്നു പങ്കാളിത്തം നൽകുന്നു.

ഇഹലോകത്തിലേക്ക് ജനിച്ചുവരുന്ന ചോരക്കുഞ്ഞാണ് ഏറ്റവും നിസ്സഹായനായ ജീവി. അവൻ പൂർണ്ണമായും അവന്റെ മാതാപിതാക്കന്മാരുടെയും അവരുടെ ജീവിതഭാഗധേയം നിശ്ചയിച്ചുകൊടുക്കുന്ന മതനേതാക്കന്മാരുടെയും ക്രൂരമായ തീരുമാനങ്ങൾക്കു വിധേയനായിത്തീരുന്നു. ആദ്യം തന്നെ കുഞ്ഞിന്റെ മതമെന്തായിരിക്കണമെന്ന് അവർ നിശ്ചയിച്ചു. അതിന്റെ പരസ്യപ്പലകപോലെയുള്ള ഒരു പേര് കുഞ്ഞിന്റെ നെറ്റിയിൽ ഒട്ടിച്ചുകൊടുക്കുന്നു. കുഞ്ഞറിയുന്നതേയില്ല, തന്നെ ചതിച്ച് മതത്തിന്റെ കൂട്ടായ്മയിൽ പെടുത്തിയെന്ന വസ്തുത. അച്ഛനമ്മമാർ തന്നെയാണ് അവനു സംസാരിക്കാനുള്ള ഭാഷ പരിചയിപ്പിച്ചുകൊടുക്കുന്നത്. വസ്ത്രധാരണ രീതിയും ആഹാരരീതിയും കൂടി ആകുമ്പോഴേക്കും കുട്ടി നടക്കേണ്ട വഴി തീരുമാനിച്ചുകഴിഞ്ഞു. പിന്നെ അവൻ കഴുത തന്നെ. കാരട്ടിന്റെ പിന്നാലെ നടന്നുകൊള്ളണം. തനിക്ക് എല്ലാ വസ്തുക്കളും കൃത്യമായി അറിഞ്ഞ് തിരഞ്ഞെടുക്കാൻ ഒരവസരം കിട്ടിയാൽ ബുദ്ധിവികാസം വന്ന ഒരുവൻ ഒരു കാലത്തും ഇഷ്ടപ്പെടാത്ത വിശ്വാസപടലങ്ങളാണ് നാമകരണത്തിന്റെയും കൗമാരത്തിന്റെയും ഇടയിലായി ഓരോ കുട്ടിയിലും തിരുകികയറ്റിയിരിക്കുന്നത്. ഈ ബുദ്ധിപ്രക്ഷാളനം മുറിവില്ലാതെ മനുഷ്യസമൂഹമുള്ളിടത്തെല്ലാം നടന്നുകൊണ്ടിരിക്കുന്നതുകൊണ്ട് സ്വതന്ത്രമായ ഒരു മനുഷ്യസമുദായം എന്നെങ്കിലുമുണ്ടാകുമെന്നു പ്രത്യാശിക്കേണ്ട. എന്നും മനുഷ്യൻ പരതന്ത്രനായിരിക്കും.

**ന്യൂനപക്ഷത്തിന്റെ ദാർശനികത**

എല്ലാ മതങ്ങളിലും അത്യുദാത്തമായ ഒരംശമുണ്ട്. അത് മതത്തിന്റെ ദാർശനികതയാണ്. ദർശനം എത്ര ഉൽകൃഷ്ടമായിരുന്നാലും അത് വിരലിലെണ്ണാൻ കഴിയുന്നവർപോലും ജീവിക്കുന്നില്ലെന്നതാണു സത്യം. എന്നു മാത്രമല്ല, മതത്തിന്റെ വിശുദ്ധവും ആകർഷകവുമായ ദാർശനികതയെ ഒരു മുഖംമൂടിയാക്കി വച്ചുകൊണ്ട് മതമൗലികവാദികൾ ഇതര സംസ്കാരങ്ങളെയെല്ലാം എങ്ങനെ തച്ചുടയ്ക്കണമെന്നു ചിന്തിക്കുന്നു. യഹൂദന്മാർക്ക് യൂറോപ്പിൽ നേരിടേണ്ടി വന്നിട്ടുള്ള ക്രൂശുയുദ്ധങ്ങളും ഇന്ത്യയ്ക്ക് നേരിടേണ്ടി വന്ന വിഘടനങ്ങളും ഇതിനുദാഹരണങ്ങളാണ്. മതങ്ങളിലെ ഉദാത്തമായ കാഴ്ചപ്പാട് സംഘട്ടനങ്ങളുടെ മുകളിൽക്കൂടി മതൈക്യത്തിനുള്ള വിളിയായി മതനേതാക്കന്മാരിലെ വളരെ ചെറിയ ഒരു സംഘം ഉയർത്തിപ്പിടിക്കാൻ തുടങ്ങിയത് ഒരു സമീപകാലപ്രവണതയാണ്. വേറൊരു മതത്തെ പൊറുപ്പിക്കാൻ സാദ്ധ്യമാണെന്ന് ഒരു സംഘടിതമതവും അടുത്തകാലംവരെ ചിന്തിച്ചിട്ടുപോലുമില്ല.

**എന്തുകൊണ്ട് മതം മാറ്റാം?**

മനുഷ്യജീവിതത്തിലെ ഏറ്റവും വലിയ തിന്മ മതമാണെന്ന് ഉറക്കെപ്പറഞ്ഞ ലൂക്രിറ്റിയസും വാൾട്ടയറും ജാതിയുടെ വികൃതവും പൈശാചികവുമായ കോമാളിത്തം അറിഞ്ഞിട്ടേയില്ല. മേലാളരുടെ ജാതിയും അടിയാന്റെ ജാതിയും നാലായിരം വർഷം ഇന്ത്യക്കാരൻ വിധിഗതമായി എണ്ണി. ഇപ്പോൾ ചില സംസ്ഥാനങ്ങളിലെങ്കിലും ഭരണകക്ഷി പഴയ അടിയാന്മാരെ പുതിയ മേലാക്കളായി പരിവർത്തനം ചെയ്യിക്കാനുണ്ട്. നേരത്തെ ഭരണകർത്താക്കന്മാരായിരുന്നവർ ഭരിക്കപ്പെടുന്ന നിശ്ശബ്ദജീവികളുടെ മേൽ എന്തെല്ലാം അനീതിയും പക്ഷപാതപരമായ തിന്മയും വിവേചനവും കാട്ടിയോ അതുതന്നെയാണ് പുതിയ യജമാനന്മാർ കാലചക്രത്തിന്റെ കറക്കത്തിൽ അധോഗതി പ്രാപിച്ചുവരുന്ന പഴയ മേലാക്കളോട് (പുതിയ അധഃകൃതരോട്) കാണിക്കുന്നത്. ഇതിനൊന്നും മതം ഒരു മറുപടിയേ ആകുന്നില്ല. ഇന്ത്യയിലെ ആദ്യകാല ആഭിജാതന്മാർ ബഹുജനങ്ങളുടെ മേൽ ആധിപത്യം സ്ഥാപിച്ചിരുന്നത് അംഗസംഖ്യയുടെ ബലത്തിലായിരുന്നില്ല. പ്രാമാണികമായ ധർമശാസ്ത്രങ്ങളുടെ കുത്തക കൈവശമുള്ളവർ, രാജാവിനെ സംരക്ഷകനായി കാട്ടിയവർ, ഭൂവുടമകൾ, ഭാഷാപരിജ്ഞാനമുള്ളവർ, പ്രത്യേകിച്ചും അധികാരത്തിന്റെ ഭാഷ കയ്യാളുന്നവർ എന്നെല്ലാമുള്ള മാനദണ്ഡം വച്ചുകൊണ്ടായിരുന്നു. മറിച്ച്, മതം എന്നും ശക്തമായിരുന്നത് വിശ്വാസികളുടെ അംഗസംഖ്യയിലാണ്. അതുകൊണ്ടാണ് ഇന്ത്യയിലെ ക്രിസ്ത്യാനികളും മുസ്ലീങ്ങളും തലയുടെ എണ്ണം കൂട്ടാൻ കിണഞ്ഞു പരിശ്രമിക്കുന്നത്. മതം മാറ്റാൻ എളുപ്പമാണ്. ജാതി മാറ്റാനാവുകയില്ല. ക്രിസ്ത്യാനിക്കും മുസ്ലീമിനും മതം മാറ്റത്തിൽക്കൂടി അംഗസംഖ്യ വർദ്ധിപ്പിച്ച് ഭൂരിപക്ഷമുണ്ടാക്കാൻ കഴിയുന്ന മാതിരി ഹിന്ദുവിന് അംഗസംഖ്യ വർദ്ധിപ്പിക്കാനാവില്ല. അതാണ് ഹിന്ദുവിന്റെ മുമ്പിലെ കീറാമുട്ടി.

> മതത്തിന്റെ വിശുദ്ധവും ആകർഷകവുമായ ദാർശനികതയെ ഒരു മുഖംമൂടിയാക്കി വച്ചുകൊണ്ട് മതമൗലികവാദികൾ ഇതര സംസ്കാരങ്ങളെയെല്ലാം എങ്ങനെ തച്ചുടയ്ക്കണമെന്നു ചിന്തിക്കുന്നു.

**ഉപേക്ഷിച്ച പാത**

ഹിന്ദുമതത്തിന്റെ ഏറ്റവും വലിയ ആകർഷണമായിരുന്നത് ഇന്ത്യാക്കാരന്റെ ജന്മസിദ്ധമായ ഔദാര്യവും ദാക്ഷിണ്യബുദ്ധിയും അനുരഞ്ജനത്തിനുള്ള തയാറും ഇതര ബാദ്ധ്യതകളിലുള്ള എതിർപ്പില്ലായ്മയുമാണ്. ഭഗവദ്ഗീതയിൽ ഏറ്റവുമധികം ആവർത്തിച്ചിട്ടുള്ളത് അപിച മറ്റേതും എന്ന സമ്മതവാക്യമാണ്. എന്റേതിൽ നിന്നും അന്യമായതിന് ഒരിക്കലും ഒരിടത്തും സാധുത്വമില്ല എന്ന പിടിവാദമല്ല. ആ സമ്മതബോധമാണ് ഇപ്പോൾ ഹിന്ദുക്കൾ അവരുടെ പുതുതായി മെനഞ്ഞെടുക്കുന്ന മതമൗലികവാദം കൊണ്ട് എന്നേക്കുമായി ഉപേക്ഷിച്ച് സ്വയമേവ ദുർബലതയുടെ പാതയിലേക്ക് നടന്നുനീങ്ങിക്കൊണ്ടിരിക്കുന്നത്.

ശാസ്ത്രജ്ഞനും കവിക്കും കഥാകൃത്തിനും സംഗീതജ്ഞനും കലാകാരനും ദാർശനികനും ഒന്നിച്ചു ജീവിക്കാവുന്ന സ്വതന്ത്രസമുദായം സംഭാവന ചെയ്യുവാൻ ഹൈന്ദവസംസ്കാരത്തിനു കഴിയുമ്പോൾ

അത് തികച്ചും ഭാരതീയവും, ഒപ്പം മാനവികവുമായിരിക്കും. അതേപ്പറ്റി ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

*ക്രിസ്തുമതത്തിന്റെ ഏറ്റവും വലിയ വശ്യത അയൽക്കാരനു നൽകിയ അംഗീകാരമാണ്.* അതേപ്പറ്റി ഖലിൽ ജിബ്രാൻ എഴുതിയിരിക്കുന്നത് ഞാനിവിടെ സംഗ്രഹിച്ചുകൊള്ളട്ടെ.

പത്രോസ് ഇങ്ങനെ പറഞ്ഞു–ഒരിക്കൽ കഫേർനാവിൽ വച്ചു എന്റെ നാഥൻ (യേശുക്രിസ്തു) ഇങ്ങനെ പറയുകയുണ്ടായി. ഈ മതിലിനപ്പുറത്തു വസിക്കുന്നവൻ നിന്റെ ആത്മാവിന്റെ മറ്റേപ്പകുതിയാണ്–വേറൊരു ശരീരത്തിൽ വസിക്കുന്നതിന്റെ ഉൽകൃഷ്ടമായ അർധഭാഗം. അവനെ നീ മനസ്സിലാക്കുമ്പോൾ ധാരണയില്ലായ്മയുടെ മതിൽ തനിയെ വീണുപോകും. (ഇത്തരുണത്തിൽ അമേരിക്കയുടെ മഹാകവി ആയിരുന്ന റോബർട്ട് ഫ്രോസ്റ്റ് എഴുതിയിട്ടുള്ള Mending Wall ഓർക്കാതിരിക്കാൻ നിവൃത്തിയില്ല.) നീ നിന്നെ എത്ര സ്നേഹിക്കുന്നുവോ അത്രയും തന്നെ അവനെയും സ്നേഹിക്കുക.


യേശുവിന്റെ ഈ വാക്കുകളാണ് പാറപ്പുറത്തു വീണ വിത്തു പോലെ വേരില്ലാതെ വേനലിൽ ഉണങ്ങിപ്പോയത്. സ്വാർത്ഥതയുടെ എരിതീക്കുള്ള തീക്ഷ്ണത ബഡവാഗ്നിക്കുപോലുമില്ല. ഒരു ഇരുപത്തിയഞ്ചു വർഷങ്ങൾക്കു മുമ്പ് യേശുവിന്റെ ഈ ഊഷ്മളമായ വാക്കുകളാൽ പ്രചോദിതമായ ക്രൈസ്തവ സ്നേഹം ഈ നാട്ടിൽ മുളച്ചു പടർന്ന് ചില്ലകൾ വീശിയിരുന്നു. പൂക്കുകയും കായ്ക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ നമുക്കാകെ അതിന്നുള്ള ഒരേയൊരു നിദർശനം മദർ തെരേസ മാത്രമായിരുന്നു. മതത്തിനുവേണ്ടി പൊരുതി വീരസ്വർഗ്ഗം പ്രാപിച്ചവരെപ്പറ്റി ഒമർഖയ്യാമിന്റെ വരികൾ നാവിന്റെ തുമ്പത്തു വരുന്നു.

വാതിൽക്കലെത്തി ഞാൻ–താക്കോൽ ലഭിച്ചില്ല.
അപ്പുറത്തുണ്ടത്രേ–മറ നീക്കാനാവില്ല
ഇത്തിരി വാഗ്വാദം–ഒത്തിരി ശബ്ദങ്ങൾ
എല്ലാം ഒടുങ്ങുമ്പോൾ-ഞാനില്ല നീയില്ല!

ഇപ്പോഴത്തെ കുഴമറിച്ചിൽ

കശ്മീർ മുതൽ കന്യാകുമാരി വരെയും കറാച്ചി മുതൽ ഡാക്ക വരെയും ഇപ്പോൾ നാം നേരിട്ടുകൊണ്ടിരിക്കുന്ന മുറയില്ലായ്മയും നെറിയില്ലായ്മയും അഖണ്ഡഭാരതത്തിലെയും പിന്നീട് ഇന്ത്യാ-പാക്കിസ്ഥാനിലെയും അതിനുശേഷം ഇന്ത്യ–പാകിസ്ഥാൻ-ബംഗ്ലാദേശിലേയും, നീപ്പാളിലേയും കിഴക്കുവടക്കൻ മലയോരപ്രദേശങ്ങളിലേയും രാഷ്ട്രീയക്കാർ കളിച്ചിട്ടുള്ള അവസര സേവനംകൊണ്ട് മെനഞ്ഞെടുത്ത വഞ്ചന നിറഞ്ഞ രാഷ്ട്രീയാഭാസങ്ങളുടെ അനിവാര്യമായ കർമഫലങ്ങളാണ്. അതിനെ ഒന്നിനെയും ഇനി പൂഴ്ത്തിവയ്ക്കാനോ ഞെക്കിക്കൊല്ലാനോ സാധ്യിക്കുകയില്ല. ഓരോ പ്രശ്നത്തിന്റെയും ആന്തരിക യാഥാർത്ഥ്യങ്ങളെയും വിദൂര സാദ്ധ്യതകളെയും കണക്കിലെടുത്തു സത്യസന്ധതയോടെ, വളരെയേറെ ക്ഷമയോടെ, ത്യാഗബുദ്ധിയോടെ ഉൾക്കരുത്തോടെ നാം നേരിടേണ്ടിയിരിക്കുന്നു. അതിനു വിലങ്ങുതടിയായിരിക്കുന്നത് ജനാധിപത്യത്തെ ധിക്കരിക്കുന്ന ദേശീയ സ്വപ്നങ്ങളും സാമ്രാജ്യത്വമോഹങ്ങളുമാണ്. അതൊഴിവാക്കാൻ ചരിത്രത്തിന്റെ പഴമയും രാജ്യത്തിന്റെ മിത്തും സമ്മതിക്കുമോ? മിക്കവാറും ഈ ഉപാധികളെ ബോധപൂർവം തരണം ചെയ്യാനുള്ള പരിപക്വത നാം ഇനിയും ആർജ്ജിച്ചിട്ടില്ല. വിഡ്ഢികളെപ്പോലെ നാം അമേരിക്കയിൽ നിന്നും റഷ്യയിൽ നിന്നും ഫ്രാൻസിൽ നിന്നും യുദ്ധക്കോപ്പുകൾ വാങ്ങി സഹോദരഹത്യയ്ക്കു ഒരുങ്ങും.

*(കടപ്പാട്)*



# A missionary's VIEW

C. F. ANDREWS

*This article first appeared in Mahatma Gandhi's "Young India" as early as 1924. The author was a professional Christian Missionary who joined Gandhiji as a satyagrahi.*

A missionary has written to ask me to give my opinion with regard to 'mass conversions' to Christianity from the lower castes of the Hindu religion. This question of the conversion of large masses of people from one religion to another has come into prominence lately. On the true solution will largely depend the future harmony of religions in India. I shall deal chiefly with my own Christian faith, but I have a hope that some of the things mentioned will be of use with regard to other religious denominations also. To the missionary, I replied as follows: "In such a question as this, we need to go right back to Christ's own words. We should not be content with copying the conventional missionary ideas of the day, for these may be contrary to the true mind of Christ. There is one saying which stands out at the very beginning of the teaching. 'Who', He said, 'is my mother and my sister and my brother? He that doeth the will of God, the same is my brother and my sister and my mother.' We have many examples given us showing how Christ acted this truth out in daily life. He welcomed the faith of Roman centurions, the Syro Phoenician women, the Greeks and the Samaritans. Yet all of these were condemned by the orthodox Jew. Christ did not try to 'convert' people and make them Jews. He was content to leave them where they were, their lives having been made sweeter by His presence. With regard to proselytising, as Jesus saw carried on in His own times by zealous Jews, He spoke words of sternest condemnation; 'Woe unto you, Scribes and Pharisees, hypocrites; for ye compass sea and land to make one proselyte, and when he is made ye make him two fold more a child of hell than yourselves.' Futhermore there are recorded Christ's final words about the Day of Judgment. He says to those who profess to believe in Him, but whose lives are not loving: 'I never knew you.' But he says to those who had never even heard His name, but whose lives were pure and full of love for downtrodden and displeased humanity: 'Come, ye blessed children of my Father; for I was hungry and ye gave me food: when thirsty ye gave me to drink; naked and ye clothed me; sick and in prison and ye visited me. In as much as ye did it unto one of the least of these my brethren ye did it unto me.' This, as far as I can gather, represented Christ's final attitude towards human life. It corresponds exactly with the definition of religion given by St. James who says: 'Pure religion before our God and Father is this: to visit the fatherless and widows in their affection and to keep oneself unspotted and to keep oneself unspotted from the world.' "If, therefore, you will study very carefully Christ's own attitude to missionary propaganda, you will find that He was altogether against proselytising, and that He would not give himself up to mass conversions. He went deeper and appealed to the inner heart. He said: 'Not every one that saith unto me, "Lord, Lord", shall enter into the Kingdom of Heaven, but he that does the will of my Father which is in Heaven.' That is to say, religion must come from the heart and be shown in purity of life. A mere profession of a creed is of no value of all.

In this manner I ventured to write to my missionary correspondent. I told him of an experience of my own. It was this: I have found Christ in the faces of those whom I have met; Hindus, Musalmans, sikhs-and I have watched the Christ-like spirit in their lives. This has been my greatest joy. It has humbled me to the dust sometimes with shame, to think that I came out to convert such people- 'to make', as Christ has said, one proselyte. "Those days are over, never to return.' I look back in horror on them and I trust that the proselytising spirit has departed. I can now look in the face of every one I come across in daily life, more simply and naturally than I could ever do before. There is a new freedom, as well as a new joy. In earlier days, I used to think that every influence must be brought to bear in order to induce each person I met to become a prought to bear in

***<u>Religion must come from the heart and be shown in purity of life. A mere profession of a creed is of no value of all.</u>***

order to induce each person I met to become a professing and baptised Christian. Now I can see that this was contrary to the spirit of Christ himself. Indeed, even in those earlier days, I instinctively shrank back when the crisis came. Once, for instance, I remember how my personal influence was strong upon a young Hindu that he asked me only to say the word and he would become a Christian. But I found that I could not say it; for it seemed to be taking an unfair advantage of a personal affection. It was making use of a form of compulsion. If conviction comes into the life, it must spring up from within; it cannot come from without. Outer compulsion is like building on shiffting sand. The true spiritual life must be built upon the rock of inner conviction.

The end of the letter which I wrote will explain this last point more clearly; "The truth is," I wrote, "that it is always the inner light of religion that counts. God deals with millions of years, not with the transient numerical 'success' of a day or year. Since the war, the one body among Christians that has won universal respect has been the Society of Friends. Yet it is among the smallest of the communities.

It is surely an entirely wrong conception of Christ to think of conversions in the mass. With Christ it is always the individual soul that counts: it

# Manifestation




is the personal inner spirit which must be touched. But how can this be done in 'mass conversions', where people have confessedly come over to the Christian Church for baptism because they have expected some material benefit to ensure after taking such a step?

Christ's own test of true discipleship, as you know very well, was altogether different: 'If any man,' he said, 'will follow me, let him deny himself and take up his cross daily. So shall he be my disciple.' This is Christ's own special test and if anyone is prepared to follow Christ in that way, by all means encourage him to do so. But all that this implies is singularly lacking in these 'mass baptisms' that are being pressed forward by zealous Christian missionaries today in different parts of India."

To these considerations I added another, which has lately appealed to me most deeply of all. It had seemed to me unchivalrous and ungenerous-and therefore entirely contrary to the true spirit of Christ-for the Christian missionaries to hurry forward most eagerly with these 'mass conversions', just at the very time when Hindus are themselves awakening to a sense of their own sins of neglect and contempt, and are ready to undertake their own long delayed responsibilities in the matter. It would surely be more Christ-like, I told him, to do all that is possible to help Hinduism to reclaim its own lost children. That would be a beautiful thing to work for. ●

## പ്രതികരണങ്ങൾ

പള്ളിയിലും അമ്പലത്തിലും ഒരേയൊരു ദൈവമാണുള്ളതെന്ന് അഭിവന്ദ്യ ക്രിസോസ്റ്റം തിരുമേനി ചെയ്ത പ്രസ്താവനയോടു ക്രൈസ്തവവിശ്വാസികൾക്കു യോജിക്കാൻ സാധിക്കില്ല. ക്രൈസ്തവ ദേവാലയങ്ങളിൽ ദൈവം ഉണ്ടോ ഇല്ലയോ എന്നതിലുപരി, സത്യദൈവം ഉണ്ടെന്ന പ്രസ്താവം വലിയ ആശയക്കുഴപ്പം സൃഷ്ടിക്കും. തിരുമേനി ഇത് ഗൗരവത്തോടെ പറഞ്ഞതാണോയെന്നു സംശയിക്കുന്നു. ഏകദൈവവിശ്വാസം വച്ചു പുലർത്തുന്ന യഹൂദ, ഇസ്ലാം മതക്കാർ പോലും ഇതു വിശ്വസിക്കുമെന്നു തോന്നുന്നില്ല. ദൈവം ഏറ്റവും വെറുക്കുന്നത് വിഗ്രഹാരാധനയും അന്യദൈവങ്ങളെ വണങ്ങുന്നതുമാണ്. അവയ്ക്കു നിവേദിക്കപ്പെട്ട പൂജാവസ്തുക്കൾ സ്വീകരിക്കുന്നതും തെറ്റാണ്. പഴയനിയമത്തിലുടനീളം ഇതു കാണാം. ഇസ്രയേൽ മക്കൾക്കുണ്ടായ ശിക്ഷകൾ മിക്കവയും ഇതിന്റെ ഫലമായിരുന്നു. ഉദാരവൽക്കരണത്തിന്റേതായ ഈ കാലത്ത് മതസൗഹാർദ്ദം കെട്ടിപ്പടുക്കാനും വിശാലമനസ്കത കാട്ടാനും അടിസ്ഥാനസത്യങ്ങൾ മറക്കരുതല്ലൊ.

*-സി.എസ്.വർഗീസ്, കൊച്ചി*

■ ■ ■

In his convocation address of the Serampore University (New Vision, Feb. issue), Justice K.T. Thomas has made an incorrect statement of what Dr. Stanley Jones said at the Maramon Convention years ago. What Dr. Jones said was that: ***"Heaven will be poorer without Gandhi"*** and not "If Gandhiji was not admitted to Heaven, he did not wish to go to that heaven." In his book 'The Way' (1963 Indian edition, page 74), Dr. Jones has written thus. "You may stop at principles and miss the Person. You may say 'I will live by Christian principles' and yet not get into a warm, living fellowship with Him. ***Mahatma Gandhi took the principles of Christianity but missed the person - Christ.*** Hence he sees through a glass darkly".

***Very Rev. Matthew Matthew, Thiruvananthapuram***


## WANTED

*"Applications are invited from Doctors, Nurses and Medical Laboratory Technicians for a soon to be opening charity Medical Clinic in Chelacompu near Karukachal. This outpatient clinic will be operating in the newly constructed "Reverend Chavanikkamannil George Koshy Memorial Community Health Center." Please submit you salary requirements and other particulars to Jijo, C/o Seeland Tours, Bus Stand Building, Karukachal, Kerala State" Phone : 94470 85465. Those who wish to donate or sell medical equipment and or laboratory equipment are also encouraged to contact with particulars.*



**Form IV**

(*See* rule 8)

*Statement about ownership and other particulars about newspaper*

NEW VISION FOR A CHANGING WORLD

*(to be published in the first issue every year, after the last day of February)*

| | | |
|---|---|---|
| 1. | Place of publication | Kochukaleeckal, Manganam P.O., Kottayam - 686 018 |
| 2. | Periodicity of its publication | Monthly |
| 3. | Printer's Name<br>Nationality<br>Address | Rev. Prof. K.C. Mathew<br>Indian<br>Kochukaleeckal, Rubber Board P.O., Kottayam - 686 009 |
| 4. | Publisher's Name<br>Nationality<br>Address | Same as above |
| 5. | Editor's Name<br>Nationality<br>Address | Prof. Mathew Koshy<br>Indian<br>Malayil P.G. Bhavan, Punnackad P.O., Kozhenchery - 689 652 |
| 6. | Names and addresses of individuals who own the newspaper and partners or shareholders holding more than one per cent of the total capital | Rev. Prof. K.C. Mathew<br>Chairperson, Nava Darshan Trust<br>Manganam, Kottayam - 686 018 |

I, Rev. Prof. K.C. Mathew, hereby declare that the particulars given above are true to the best of my knowledge and belief.

Date: 1st March 2004

sd/-
Signature of Publisher

NEW VISION FOR A CHANGING WORLD

MARCH 2004

Registered with the Registrar of Newspapers for India under No. KER BIL/2000/1543

Annual subscription: Rs. 75/-

Postal Regn. No KL/CR/KTM/362/2003-05



സിറിയയിലെ 'നേർവീഥി' എന്ന തെരുവ്.

പുതിയ നിയമത്തിൽ വിവരിക്കുന്ന അനന്യാസിന്റെ ഭവനം ഈ തെരുവിന്റെ വലതുവശത്താണ് (ലേഖനം പേജ് 4 –ൽ)




Printed & Published by the Rev. Prof. K.C. Mathew at Manganam, Kottayam and owned by the Rev. Prof. K.C. Mathew, Chairperson, Nava Darshan Trust, Kottayam.
Editor: Dr. Mathew Koshy Punnackad ■ Printed at Learners' Offset Printers, C.M.S. College Road, Kottayam